RESEARCH ARTICLE

INDIAN JOURNAL OF
MULTILINGUAL RESEARCH AND DEVELOPMENT

Asian Research Association

DOI: 10.54392/ijmrd2212

# Poykayil Appachan's interventions for Dalit Liberation in Kerala

## കേരളത്തിലെ ദളിത് വിമോചനത്തിൽ പൊയ്കയിൽ അപ്പച്ചന്റെ ഇടപെടലുകൾ

**R. Chandrabose** [a, *]

[a] Department of Malayalam, Central University of Kerala, Kasaragod-671316, Kerala, India
*Corresponding author Email: bosebosechandra@gmail.com

DOI: https://doi.org/10.54392/ijmrd2212
Received: 22-02-2022; Accepted: 20-03-2022; Published: 23-03-2022

**Abstract:** Poykayil Yohannan, better known as Poykayil Appachan and Sreekumar Gurudevan (1879-1939) was one of the unparalleled renaissance heroes in the history of Kerala. He made various and intellectual contributions for the liberation of the Dalit people of Kerala through songs, Bible commentaries and social activities. This paper explores his physical and spiritual work for the upliftment of Dalit people and his role in the construction of Kerala Renaissance. Without the backing of formal education or scholarship, he gained knowledge from life experiences, learn to read and write on his own, overcame adversity and became a social reformer. Liberating Dalit people with his eloquence and rational analysis skill.

**Keywords:** Kerala Renaissance, PRDS, Slavery, Modernity, Liberation Theology, Christian Sprituality

**Language:** **Malayalam**

## About the Author



**Dr. R. Chandrabose,** is working an Assistant Professor in the Department of Malayalam, under School of Languages and comparative literature Central University of Kerala. He published 24 Research papers and four books in Malayalam.

## ആമുഖം

കേരളചരിത്രത്തിലെ സമാനതകളില്ലാത്ത നവോത്ഥാന നായകനാണ് പൊയ്കയിൽ അപ്പച്ചൻ, ശ്രീകുമാരഗുരുദേവൻ എന്നീ പേരുകളിൽ വിഖ്യാതനായ പൊയ്കയിൽ യോഹന്നാൻ (1879-1939). ജാതിവ്യവസ്ഥയുടെ കിരാതനിയമങ്ങളാൽ തകർന്നടിഞ്ഞ പുലയർ, പറയർ, കുറവർ തുടങ്ങിയ ജനവിഭാഗങ്ങളെ അടിമത്തത്തിൽ നിന്നും അധഃസ്ഥിതാവസ്ഥയിൽ നിന്നും മോചിപ്പിക്കുവാൻ, God's Church of Visible Salvation (PRDS) എന്ന തനതായ വിമോചനദൈവശാസ്ത്രം ആവിഷ്കരിച്ചു നടപ്പാക്കിയ വിപ്ലവകാരിയായിരുന്നു അദ്ദേഹം. പാട്ടുകൾ ബൈബിൾ വ്യാഖ്യാനങ്ങൾ ദളിത് ജനതയുടെ ഉന്നമനത്തിനായി നടത്തിയ സാമൂഹ്യ പ്രവർത്തനങ്ങൾ എന്നിവയിലൂടെ കേരളത്തിന്റെ രാഷ്ട്രീയ സാംസ്കാരിക മേഖലകളിൽ വ്യത്യസ്തവും ബൗദ്ധികവുമായ സംഭാവനകളർപ്പിച്ചു പൊയ്കയിൽ യോഹന്നാൻ. ദളിത് ജനതയുടെ സമുദ്ധാരണത്തിനായി അദ്ദേഹം നടത്തിയ ഭൗതികവും ആത്മീയവുമായ പ്രവർത്തനങ്ങളെക്കുറിച്ചും കേരള നവോത്ഥാനനിർമ്മിതിയിൽ വഹിച്ച പങ്കിനെക്കുറിച്ചുമാണ് ഈ പ്രബന്ധം അന്വേഷിക്കുന്നത്.

## കേരളനവോത്ഥാനത്തിലെ ദളിത് വിമോചനധാര

കേരളനവോത്ഥാനം അതിബൃഹത്തായ ഒരു രാഷ്ട്രീയ സാമൂഹിക ധാർമ്മിക പദ്ധതിയായിരുന്നു എന്നത് സുവിദിതമാണ്. ഇന്ത്യയിൽ മറ്റെങ്ങും സംഭവിച്ചിട്ടില്ലാത്ത തരത്തിലുള്ള ഒന്നായിരുന്ന കേരളനവോത്ഥാനപ്രസ്ഥാനം. എല്ലാ മതങ്ങളെയും സമുദായങ്ങളെയും പ്രതിനിധീകരിക്കുന്ന, സമൂഹത്തിന്റെ മേൽതട്ടുമുതൽ കീഴ്തട്ടുവരെ ഉയിർത്തെഴുന്നേറ്റ നവോത്ഥാനം ഇന്ത്യയിലെ മറ്റ് സ്ഥലങ്ങളിൽ സംഭവിച്ചതിൽ നിന്ന് പാടേ വിഭിന്നമായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യദശകം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ മധ്യദശകം വരെ നടന്ന സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങളുടെയും സമുദായമുന്നേറ്റങ്ങളുടെയും ആത്യന്തികലക്ഷ്യം ജാതിബദ്ധമായ ഫ്യൂഡൽ സാമൂഹിക ഘടനയെ ഉടച്ചുവാർക്കുക എന്നതായിരുന്നു. കേരളനവോത്ഥാനത്തിന്റെ ആരംഭം പത്തൊൻപതാംനൂറ്റാണ്ടിലെ ചാന്നാർലഹള (1822)[1] പോലുള്ള ചരിത്രസന്ദർഭങ്ങളിലേക്കും 1855 ലെ അടിമത്തനിരോധനനിയമത്തിലേക്കു നയിച്ച കീഴാളപ്രതിരോധത്തിലും[2] കാണാൻ കഴിയുമെങ്കിലും 1888 ലെ ശ്രീനാരായണഗുരുവിന്റെ അരുവിപ്പുറം പ്രതിഷ്ഠയെയാണ്[3] നവോത്ഥാനത്തിന്റെ ആരംഭമുഹൂർത്തമായി സാധാരണപറയാറ്. ശ്രീനാരായണഗുരു നേതൃത്വം നൽകിയ ജാതിവിരുദ്ധ-സാമൂഹികനവീകരണപ്രസ്ഥാനം കേരളമാകെ പിന്നോക്കവിഭാഗങ്ങളിൽ മാത്രമല്ല ആചാരജടിലമായ സവർണ്ണസമുദായങ്ങൾക്കിടയിലും നവീകരണവാഞ്ഛയായി പടർന്നുപിടിച്ചു. ജാതിസമൂഹങ്ങളുടെ നവോത്ഥാനമായിരുന്നു നവോത്ഥാനകാലത്തുണ്ടായ എല്ലാസാമുദായിക-സാമൂഹിക സംഘടനകളുടെയും മുഖ്യഅജണ്ട. പല സമൂഹങ്ങളിൽ നിന്നും നേതാക്കളും നവോത്ഥാന നായകരും ഉയർന്നുവരുന്നുണ്ട്. ശ്രീനാരായണഗുരുവിനെക്കൂടാതെ ചട്ടമ്പിസ്വാമികൾ[4], അയ്യൻകാളി[5], വൈകുണ്ഠസ്വാമികൾ[6], വാഗ്ഭടാനന്ദൻ[7], വക്കം അബ്ദുൾഖാദർ മൗലവി[8], കുമാരനാശാൻ[9], പുന്നശ്ശേരി നമ്പി[10], സഹോദരൻ അയ്യപ്പൻ[11], വി.ടി.ഭട്ടതിരിപ്പാട്[12] എന്നിവരെല്ലാം തന്നെ നവോത്ഥാന പ്രക്രിയയിൽ വിവിധ രംഗങ്ങളിൽ സംഭാവനകളർപ്പിച്ചവരാണ്. കൊളോണിയൽ ആധുനികത സൃഷ്ടിച്ച ജീവിതസാഹചര്യങ്ങൾ നവോത്ഥാന മുന്നേറ്റങ്ങൾക്ക് കൂടുതൽ കരുത്തേകി. എന്നാൽ നവോത്ഥാനത്തിന്റെ മുഖ്യധാര പരിഗണിക്കാതെ പോയ ഒരു ജനവിഭാഗത്തിനുവേണ്ടിയാണ് പൊയ്കയിൽ യോഹന്നാൻ പ്രവർത്തിച്ചത് എന്നത്, അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നു. ഇന്ത്യയിലെ ഇതരപ്രദേശങ്ങളിലെന്നപോലെ കേരളത്തിലും കാർഷികസമൂഹത്തിൽ അടിമകളും അടിയാളരുമായി നിലനിന്ന ഒരു വലിയ ജനസമൂഹമുണ്ടായിരുന്നു. അവർക്ക് ജാതിബദ്ധമായ സാമൂഹികഘടനയ്ക്കകത്ത് ഒരു തരത്തിലുള്ള വിമോചനവും സാധ്യമായിരുന്നില്ല. കാർഷിക അടിമകളായ ലക്ഷകണക്കിന് ദളിതരുടെ ദുരിതങ്ങൾ കണ്ടെറിയുകയും അതൊരു മനുഷ്യാവകാശപ്രശ്നമായി ശ്രദ്ധയിൽ കൊണ്ടുവന്നതും വിദേശമിഷനറിമാരായിരുന്നു. 1847 മാർച്ച് 19-ാം തീയ്യതി ബ്രിട്ടീഷ്മിഷനറിമാർ, തിരുവിതാംകൂർ മഹാരാജാവിനു നൽകിയ നിവേദനത്തിൽ, സംസ്ഥാനത്തെ ആകെ ജനസംഖ്യയിലെ, 12,80,668 പേരിൽ 1,64,864 പേർ അടിമകളായിരുന്നു എന്നു പറയുന്നുണ്ട്13. പത്തൊൻപതാംനൂറ്റാണ്ടിന്റെ മധ്യത്തോടെ കേരളത്തിൽ നാലേകാൽലക്ഷത്തോളം അടിമകളുണ്ടായിരുന്നു എന്നാണ് കണക്ക്. 1811 ൽ അടിമക്കച്ചവടം തിരുവിതാംകൂറിൽ നിരോധിക്കപ്പെട്ടെങ്കിലും അതുമൂലം ഏതാണ്ട് ഒരുലക്ഷത്തിമുപ്പത്തിയാറായിരം ഈഴവ അടിമകളുടെ മോചനം സാധിച്ചു എന്നല്ലാതെ പറയർ, കുറവർ, പള്ളർ, മലയർ എന്നിവരെ അടിമത്തത്തിൽ നിന്ന് വിമുക്തരാക്കുകയുണ്ടിയില്ല14. 1843 ൽ മലബാറുൾപ്പെടെയുള്ള ബ്രിട്ടീഷിന്ത്യയിൽ അടിമവ്യാപാരം കുറ്റകരമായി പ്രഖ്യാപിക്കപ്പെട്ടു. 1855 ലാണ് കൊച്ചിയിലും തിരുവിതാംകൂറിലും അടിമത്തം നിയമം മൂലം നിരോധിക്കപ്പെടുന്നത്. ഇത്തരം നിയമനിർമ്മാണത്തിനുപിന്നിൽ ക്രിസ്ത്യൻ മിഷനറിമാരുടെ പ്രയത്നങ്ങളുണ്ട്. പത്തൊൻപതാംനൂറ്റാണ്ടിൽ അധഃകൃതരെന്ന് വിളിക്കപ്പെട്ട ജാതികളിൽ നിന്ന് ക്രിസ്തുമതത്തിലേക്കും ഇസ്ലാംമതത്തിലേക്കും വളരെപ്പേർ മതം മാറുകയുണ്ടായി. ഹൈന്ദവമതത്തിനുള്ളിൽ പുതിയൊരു കർത്തൃത്വം ഇവർക്കായി തുറന്നുകിട്ടുകയില്ലെന്നറിഞ്ഞു കൊണ്ടാണ് മതപരിവർത്തനത്തിന്റെ വഴി ഇവർ സ്വീകരിച്ചത്. ക്രൈസ്തവമിഷനറിമാരിലൂടെ പരിചയിച്ച പുതുമതം ജാതിമർദ്ദനത്തിൽ നിന്നുള്ള

വിമോചനലോകമായി അടിമകളും ദളിതരുമായ ലക്ഷക്കണക്കിനു കർഷകതൊഴിലാളികൾ ഭാവന ചെയ്തു. ദളിത്-ക്രൈസ്തവർ എന്ന് ഈ പുത്തൻ ജനത പേർ ചൊല്ലി വിളിക്കപ്പെട്ടു. എന്നാൽ ഹിന്ദുമതത്തിന്റെയും ക്രിസ്തുമതത്തിന്റെയും പുറവഴിയിൽ കഴിയാനായിരുന്നു മതംമാറിയിട്ടും ഇവരുടെ വിധി. അവർക്കു വാഗ്ദത്തം ചെയ്യപ്പെട്ട ലോകം വൈകാതെ തന്നെ ഇരട്ട മർദ്ദനത്തിന്റെ ലോകമായി മാറി. പത്തൊൻപതാംനൂറ്റാണ്ടിലെഴുതപ്പെട്ട ചില മലയാള നോവലുകളിൽ മതം മാറിയ ദളിതർ നേരിട്ട സ്വത്വസംഘർഷം ആവിഷ്ക്കാരം നേടിയിട്ടുണ്ട്. മിസ്സിസ്സ് കോളിൻസിന്റെ The Slayer Slain (1877), പോത്തേരി കുഞ്ഞമ്പുവിന്റെ സരസ്വതീവിജയം (1892), ജോസഫ് മൂളിയിലിന്റെ സുകുമാരി (1897) എന്നിവ അതിനുദാഹരണങ്ങളാണ്[15].

മതം മാറ്റത്തിനു വിധേയമായിട്ടും സ്വത്വവും കർത്തൃത്വവുമില്ലാത്ത പീഡാകരമായ ജീവിതം നയിച്ചിരുന്ന ഈ ജനതയെ വിമോചനത്തിലേക്ക് വഴി നടത്തി എന്നതാണ് പൊയ്കയിൽ യോഹന്നാന്റെ ചരിത്രപരമായ പ്രസക്തി. ജാതി, ലിംഗ, വർഗാധികാരങ്ങൾ നാനാവിധവ്യവഹാരപ്രയോഗങ്ങളിലൂടെ ചരിത്രത്തിൽ നിന്ന് ബലാൽക്കാരേണ പുറത്താക്കപ്പെട്ട ജനതയായിരുന്നു ദളിതർ. പരമ്പരാഗതമായി ജാതീയ അടിമത്തം നിലനിന്ന സമൂഹത്തിൽ, മതംമാറിയതുകൊണ്ടുമാത്രം മറികടക്കാൻ കഴിയുന്ന ഒന്നായിരുന്നില്ല ജാതിനിലയും അടിമനിലയും. അടിമാനുഭവത്തിന്റെയും തന്റെ ജനതയുടെ ചരിത്രാവബോധത്തിന്റെയും ക്രൈസ്തവ ആത്മീയതയുടെയും പിൻബലത്തിൽ അടിമജനവിഭാഗങ്ങളെ ഏകോപിപ്പിച്ച് അവർക്ക് വിഭവാധികാരം ഉറപ്പാക്കാൻ സമാനതകളില്ലാത്ത വിപ്ലവം നയിച്ചയാളാണ് പൊയ്കയിൽ യോഹന്നാൻ. സ്വന്തം വംശത്തിന് ഒരു സഭ നിർമ്മിച്ചു നൽകുകയും, അതിനടിസ്ഥാനമായി സനാഥത്വത്തിന്റെയും സ്വാശ്രയത്വത്തിന്റെയും ജ്ഞാനസംഹിതകൾ രൂപപ്പെടുത്തുകയും ചെയ്തു, എന്നതാണ് അദ്ദേഹത്തെ സമാനതകളില്ലാത്ത നവോത്ഥാനനായകനാക്കി മാറ്റുന്നത്. പ്രമുഖ യുക്തിവാദചിന്തകൻ ഡോ.എ്.ടി.കോവൂർ പൊയ്കയിൽ യോഹന്നാന്റെ ജീവചരിത്രം ഇങ്ങനെ സംക്ഷേപിക്കുന്നു. 'സവർണ്ണ മേധാവിത്വത്തിന്റെ കീഴിൽ അമർന്നുകിടന്നിരുന്ന കേരളത്തിലെ പിന്നോക്ക വിഭാഗക്കാരെ സംഘടിപ്പിച്ച് അവകാശങ്ങൾക്കുവേണ്ടി വാദിക്കുവാൻ പഠിപ്പിച്ച ഒരു വിപ്ലവകാരിയായിരുന്നു പൊയ്കയിൽ യോഹന്നാൻ. പറയസമുദായത്തിൽ ജനിച്ച ആ മനുഷ്യൻ മിഷനറിമാരുടെ പ്രലോഭനങ്ങളിൽ ആകൃഷ്ടനായി ആദ്യം ക്രിസ്തുമതത്തിൽ ചേർന്നു. ഒരു നല്ല സുവിശേഷപ്രാസംഗികൻ എന്ന പേരു സമ്പാദിച്ച യോഹന്നാൻ മിഷനറിമാർ തരുന്ന ശമ്പളം വാങ്ങിച്ചുകൊണ്ട് എങ്ങനെയും ജീവിച്ചാൽ മതിയെന്നു കരുതിയില്ല. ക്രിസ്തുമതത്തിൽ ചേർന്നാലും പറയനും പുലയനും യാതൊരു മെച്ചവും കിട്ടുന്നില്ലെന്നു അദ്ദേഹം കണ്ടു. മതത്തിൽ ചേരുന്ന പുലയൻ മത്തായിപ്പുലയനും പറയൻ ചാക്കോപ്പറയനും മാത്രമാണെന്നു മനസ്സിലാക്കിയപ്പോൾ, ആ അനീതിക്കെതിരെയും അദ്ദേഹം ഗർജ്ജിക്കുവാൻ തുടങ്ങി. അദൃശ്യനായ ദൈവത്തെ പൂജിക്കുന്നതിൽ ഭേദം പ്രത്യക്ഷത്തിൽ രക്ഷ നൽകുന്നവരെ പൂജിക്കുകയാണെന്ന് അദ്ദേഹം വാദിച്ചു. പ്രത്യക്ഷരക്ഷാദൈവസഭ എന്നൊരു പുതിയ മതം തന്നെ അദ്ദേഹം ഉണ്ടാക്കി. പറയർ, പുലയർ, കമ്മാളർ ക്രിസ്ത്യാനികൾ എന്നിങ്ങനെ പലരും ആ മതത്തിൽ ചേർന്നു. ചങ്ങനാശ്ശേരിക്ക് കിഴക്ക് അമരയിലും മറ്റും അദ്ദേഹം ഗവൺമെന്റിൽ നിന്നും സ്ഥലം പതിപ്പിച്ചു അധഃകൃതകോളനികൾ സ്ഥാപിച്ചു. പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി അക്ഷീണം യത്നിച്ച പൊയ്കയിൽ യോഹന്നാന്റെ മതത്തിൽ ഏകദേശം 5 ലക്ഷത്തോളം ആളുകൾ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം ഈ സഭ രണ്ടായിപിരിഞ്ഞു16. ഇത്തരം ഒറ്റപ്പെട്ട പരാമർശങ്ങളും വിലയിരുത്തലും മാത്രമേ പൊയ്കയിൽ യോഹന്നാനെക്കുറിച്ച് ഉണ്ടായിട്ടുള്ളൂ. കേരളനവോത്ഥാനത്തിന്റെ ബൃഹത്ചരിത്രാഖ്യാനങ്ങളിൽ അദ്ദേഹത്തിന്റെ സംഭാവനകൾ സൂക്ഷ്മവിശദാംശങ്ങളോടെ ആഖ്യാനം ചെയ്തിട്ടില്ല. ഒരർത്ഥത്തിൽ മുഖ്യധാരാചരിത്രകാരന്മാരും അക്കാദമിക് രംഗവും പൊയ്കയിൽ യോഹന്നാനെ അദൃശ്യനാക്കുകയാണുണ്ടായത്. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ ദളിത് വൈജ്ഞാനികതയ്ക്കുണ്ടായ ഉണർവും ബദൽചരിത്രാന്വേഷണങ്ങളുമാണ് പൊയ്കയിൽ യോഹന്നാന്റെ ചിന്തകളെയും

പ്രവൃത്തികളെയും അക്കാദമിക് ഗൗരവത്തോടെ പഠനവിധേയമാക്കാൻ സഹായിച്ചത്. ഏതായാലും കേരളനവോത്ഥാനം എന്ന ബൃഹത്ആഖ്യാനത്തിലെ ധീരവും വിപ്ലവകരവുമായ ഏടുകൾ എഴുതിച്ചേർക്കാൻ യോഹന്നാനു കഴിഞ്ഞിട്ടുണ്ടെന്നും അധഃസ്ഥിതജനതയുടെ വിമോചനപ്പോരാട്ടത്തിൽ അത്യപൂർവ്വമായ ഉൾക്കാഴ്ചയും ഭാവനയും അടിസ്ഥാനമാക്കിയ പ്രവർത്തനങ്ങളിലൂടെ കേരളചരിത്രത്തെ ആഗാധമായി സ്വാധീനിച്ച മഹാത്മാവായിരുന്നു എന്നും വൈകിയുദിച്ച വിവേകമാണ്. ഏതായാലും പൊയ്കയിൽ യോഹന്നാന്റെ ചരിത്രം കൂടാതെ കേരളനവോത്ഥാനത്തിന്റെ ചരിത്രം പൂർണ്ണമാവുകയില്ല. സമൂഹത്തിനുവേണ്ടി ഭൗതികസാഹചര്യങ്ങൾ ഒരുക്കിയിരുന്നത് അടിമകളും അടിയാളരുമായ ഒരു വലിയ വിഭാഗം ജനങ്ങളായിരുന്നു. പക്ഷേ കേരളത്തിന്റെ ചരിത്രത്തിലൊന്നും അവർക്ക് ഒരു സ്ഥാനവും ഉണ്ടായില്ല. അങ്ങനെയുള്ള ജനതയ്ക്ക് ചരിത്രം രചിക്കാനും സ്വത്വവും കർത്തൃത്വവുമുള്ളവരാക്കിത്തീർക്കുവാനും പൊയ്കയിൽ യോഹന്നാൻ നടത്തിയ പോരാട്ടങ്ങൾ ലോകചരിത്രത്തിൽത്തന്നെ അപൂർവ്വമാണ്.

## അടിമകളുടെ വിമോചകൻ

ഇന്നത്തെ കോട്ടയം ജില്ലയിലെ തിരുവല്ലയ്ക്കടുത്ത് ഇരവിപേരൂരിൽ മന്നിയ്ക്കൽ പൊയ്കയിൽ കുഞ്ഞിളേച്ചിയുടെയും മല്ലപ്പള്ളിപുതുപ്പറമ്പിൽ കണ്ടന്റെയും മൂന്നാമത്തെ പുത്രനായി 1879 ഫിബ്രവരി 17 നാണ് പില്ക്കാലത്ത് കുമാരഗുരുദേവനായിത്തീർന്ന കുമാരൻ എന്ന കുട്ടി ജനിച്ചത്. കുമാരന്റെ മാതാപിതാക്കൾ ശങ്കരമംഗലം എന്ന ക്രൈസ്തവകുടുംബത്തിന്റെ അടിയാളരായിരുന്നു. കുട്ടിക്കാലത്തുതന്നെ മാതാപിതാക്കളോടൊപ്പം കാർഷികജോലിക്കിറങ്ങി. ഇടയന്റെ പണിയായിരുന്നു അവൻ ചെയ്തിരുന്നത് വിശാലമായ കാടും പടലും നിറഞ്ഞ വലിയ താന്നിക്കൽ കുന്നിലും മറ്റും കന്നുകാലികളെ മേയ്ക്കാൻ കൊണ്ടു പോവുക അവനു വിനോദമായിരുന്നു. ആ ഇടയജീവിതമായിരുന്നു അവന്റെ പാഠശാല. അടിമകൾക്കും അടിയാളർക്കും വിദ്യാഭ്യാസം നിഷിദ്ധമായിരുന്നു. അന്നന്നത്തെ അന്നം മാത്രമായിരുന്നു അടിയാളരുടെ പ്രതിഫലം. വിശപ്പടക്കാൻ വേണ്ടി മാത്രമുള്ള, യജമാനനുവേണ്ടിയുള്ള നിരന്തരഅധ്വാനമായിരുന്നു അവരുടെ ജീവിതം. അവർക്കുമുന്നിൽ ഭൂതവും ഭാവിയും ഉണ്ടായിരുന്നില്ല. കന്നുകാലികളെ പ്പോലെ കഴിഞ്ഞിരുന്ന അവർക്ക് അക്ഷരം പഠിക്കുക എന്നത് വിലക്കപ്പെട്ട കനിയായിരുന്നു. എന്നാൽ വിലക്കപ്പെട്ട അക്ഷരങ്ങൾ രഹസ്യമായി പഠിച്ച്, എഴുത്തും വായനയും സ്വായത്തമാക്കുവാൻ കുമാരൻ എന്ന അടിമബാലൻ തീരുമാനിച്ചു. വ്യവസ്ഥിതിക്കെതിരെ പൊയ്കയിൽ യോഹന്നാൻ നടത്തിയ ആദ്യത്തെ വിപ്ലവപ്രവർത്തനം അക്ഷരം പഠിക്കുവാനുള്ള തീരുമാനമായിരുന്നു. കാലിമേയ്ക്കലിനിടെ അക്ഷരം പഠിച്ച അവൻ, ലഘുലേഖകളുടെ രൂപത്തിൽ ലഭ്യമായിരുന്നു വേദപുസ്തകം ആവർത്തിച്ചുവായിച്ചു. അക്ഷരങ്ങളുടെയും ചിന്തകളുടെയും ലോകത്തിലേക്ക് പിച്ചവെച്ച ആ അടിയാളബാലന്റെ താല്പര്യം മനസ്സിലാക്കിയ കൊച്ചുകുഞ്ഞ് ഉപദേശി എന്നയാൾ തേവർക്കാട്ട് പള്ളിക്കൂടത്തിൽ വെച്ച് രഹസ്യമായി എഴുത്തുംവായനയും പഠിപ്പിച്ചു. പഠനം പിന്നീട് തുടരാൻ കഴിഞ്ഞില്ലെങ്കിലും ബൈബിൾ വായന അവന്റെയുള്ളിൽ തിരിച്ചറിവുകളുടെ വേലിയേറ്റം സൃഷ്ടിച്ചു. അർത്ഥസാന്ദ്രവും വികാരനിർഭരവുമായ ബൈബിൾ വാക്യങ്ങൾ അവനിൽ പ്രകമ്പനങ്ങൾ സൃഷ്ടിച്ചു. 'നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക, ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം, സൽഗുണസമ്പന്നനാകാൻ ഇച്ഛിക്കുന്നുവെങ്കിൽ നീ ചെന്ന് നിനക്കുള്ളത് വിറ്റ് ദരിദ്രർക്ക് കൊടുക്കുക, എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും, കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശ◌ാരുമായുള്ളോരെ നിങ്ങൾക്കു ഹാ കഷ്ടം, നിങ്ങൾ മനുഷ്യർക്ക് സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു നിങ്ങൾ കടക്കുന്നില്ല, കടക്കുന്നവരെ കടപ്പാൻ സമ്മതിക്കുന്നുമില്ല, വേലക്കാരൻ ആഹാരത്തിനു യോഗ്യരല്ലോ' തുടങ്ങിയ വാക്യങ്ങൾ അവനെ വല്ലാതെ മഥിച്ചു. കാലിമേയ്ക്കുന്ന പുൽപറമ്പുകളിൽ അവൻ അതു ഉറക്കെയുറക്കെ വിളിച്ചുചൊല്ലി കൂട്ടുകാർക്ക് വിശദീകരിച്ചുകൊടുത്തു. ആ ബൈബിൾ വാക്യങ്ങളിൽ

അവൻ പുതിയ ജീവിതാവബോധവും തന്റെ വംശത്തിന്റെ സ്വാതന്ത്ര്യാഭിലാഷവും ദർശിച്ചു. ബൈബിൾ വാക്യങ്ങൾ ഉരുവിടുകയും മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുകയും ചെയ്യുന്ന അവനെ കൂട്ടുകാർ ഉപദേശിയെന്നു വിളിച്ചു പരിഹസിച്ചു. ഏകദേശം 18 വയസ്സുവരെ ഇടയജീവിതവും ബൈബിൾ പാരായണവുമായി കഴിഞ്ഞു.

ഇക്കാലത്താണ് ചെങ്ങന്നൂർ, ചങ്ങനാശ്ശേരി, കോട്ടയം പ്രദേശങ്ങളിൽ മിഷനറി പ്രവർത്തനം ഊർജ്ജിതമായത്. അധഃസ്ഥിതരും ദളിത് ജനവിഭാഗങ്ങളും കൂട്ടത്തോടെ ക്രിസ്തുമതത്തിൽ ചേർന്നു. അയിത്തത്തിൽ നിന്നും അടിമത്തത്തിൽ നിന്നുമുള്ള ഒരു രക്ഷോപായമായിരുന്നു അവരെ സംബന്ധിച്ച് മതം മാറ്റം. ക്രിസ്തുമതത്തിൽ ഒരു പുറംനിര സൃഷ്ടിക്കുവാൻ സവർണക്രൈസ്തവർ തങ്ങളുടെ അടിയാളരെ മതപരിവർത്തനത്തിന് പ്രേരിപ്പിക്കുകയും ചെയ്തു. ക്രൈസ്തവജ◌ിയുടെ പുരയിടങ്ങളിൽ കുടിലുകെട്ടി താമസിക്കുന്ന കാർഷികഅടിമകളായ ദളിതർ യജമാനന്റെ കല്പന ശിരസ്സാവഹിച്ച് ക്രിസ്തുമതത്തിൽ ചേർന്നു. കുമാരന്റെ കുടുംബവും ഔപചാരികമായി ക്രിസ്തുമതം സ്വീകരിച്ചു. അവൻ യോഹന്നാൻ എന്ന പേരു സ്വീകരിച്ചു. മർത്തോമ്മാസഭയിലംഗമായി. പ്രസംഗിക്കാനും പാടാനുമുള്ള യോഹന്നാന്റെ കഴിവിൽ വിദേശമിഷനറിമാർക്ക് മതിപ്പുളവായി. അവർ അവനെ മിഷനറി സംഘത്തിൽ ഉപദേശിയായി നിയമിച്ചു. യോഹന്നാന്റെ പാട്ടും പ്രാർത്ഥനയും ജനങ്ങളെ ആകർഷിച്ചു. അധഃസ്ഥിതവർഗ്ഗത്തിൽപ്പെട്ട നല്ലൊരു വിഭാഗം ജനങ്ങൾ യോഹന്നാൻ ഉപദേശിയിൽ വിശ്വാസമർപ്പിച്ചു. അതേസമയം മതപ്രചാരകനായി ദുഃഖിതരും പീഡിതരുമായ ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുമ്പോഴും അവരുടെ അടിമത്തത്തിന്റെ ചരിത്രവും ഇല്ലായ്മകളും ദാരിദ്രവും പീഡിതവുമായ അവസ്ഥയെക്കുറിച്ചായിരുന്നു അതിൽ നിന്നുള്ള മോചനവഴികളായിരുന്നു യോഹന്നാൻ അന്വേഷിച്ചത്. പുതുക്രിസ്ത്യാനികളായിട്ടും അവരുടെ ജീവിതസാഹചര്യങ്ങളിൽ ഒരു പരിവർത്തനവും ഉണ്ടായില്ല. ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ട ദളിതരെ അവശക്രിസ്ത്യാനികൾ എന്നായിരുന്നു സവർണർ സംബോധനചെയ്തിരുന്നത്. പുതുക്രിസ്ത്യാനികൾ നേരിടുന്ന ജാതിവിവേചനത്തിനെതിരെ യോഹന്നാൻ സഭാപ്രസംഗങ്ങളിൽ രൂക്ഷമായി വിമർശനങ്ങളുയർത്തി. ദളിത് ക്രൈസ്തവരുടെ അവകാശങ്ങൾ നിരന്തരം ഉന്നയിച്ചുകൊണ്ടുള്ള പ്രസംഗങ്ങൾ സവർണക്രൈസ്തവരെ പ്രകോപിതരാക്കി. ആയിടയ്ക്കാണ് മാർത്തോമ്മാസഭയുടെ സവർണമനോഭാവവും ദളിത് വിവേചനവും മറനീക്കി പുറത്തുവന്ന സംഭവം ഉണ്ടായത്. ദളിത് ക്രിസ്ത്യാനിയുടെ മൃതദേഹം പള്ളിശ്മശാനത്തിൽ അടക്കുന്നതിനെ സവർണക്രൈസ്തവർ ഒന്നടങ്കം എതിർത്തു. തിരുവല്ലയ്ക്കടുത്ത് പുല്ലാട് പുല്ലരികാട് ശ്മശാനത്തിലായിരുന്നു സംഭവം. അടക്കിയ ദളിതന്റെ ശവം സവർണക്രൈസ്തവർ മാന്തിയെടുത്ത് ദൂരേക്ക് എറിഞ്ഞു. ഈ ഹീനമായ പ്രവൃത്തി യോഹന്നാൻ ഉൾപ്പെടെയുള്ളവരെ മാറിചിന്തിക്കാൻ പ്രേരിപ്പിച്ചു. 'മതം മാറിയാലും കുരിശുചുമന്നാലും ബൈബിൾ താങ്ങിയാലും ദലിതൻ ദലിതൻ തന്നെ. മരിച്ചുകഴിഞ്ഞാലും അയിത്തം നിലനിൽക്കും അപ്പോൾ അതു സ്വർഗ്ഗത്തിലും കാണുമായിരിക്കും അയിത്തമുള്ള സ്വർഗ്ഗം ഞങ്ങൾക്കുവേണ്ട എന്ന് യോഹന്നാന്റെ നേതൃത്വത്തിൽ ദലിത്ക്രൈസ്തവർ ഉറക്കെ വിളിച്ചുപറഞ്ഞു17. അങ്ങനെ മാർത്തോമ്മാസഭക്കാരുടെ ദളിത് വിവേചനത്തിൽ പ്രതിഷേധിച്ച് യോഹന്നാൻ സഭവിട്ടു. അദ്ദേഹത്തിന്റെ കൂടെപ്പോകാൻ ആയിരങ്ങൾ ഉണ്ടായിരുന്നു. യോഹന്നാന്റെ ചുവടുമാറ്റം മധ്യതിരുവിതാംകൂറിന്റെ ക്രൈസ്തവസഭാചരിത്രത്തിൽ ഒരു വിപ്ലവം തന്നെയായിരുന്നു. യാക്കോബായസഭയിൽ നിന്ന് തെറ്റിപ്പിരിഞ്ഞ് 1889-ൽ രൂപീകരിക്കപ്പെട്ട മാർത്തോമ്മസഭ കെട്ടുറപ്പോടെ വളർന്നപ്പോഴാണ് യോഹന്നാന്റെ നേതൃത്വത്തിൽ ആയിരങ്ങൾ പിരിഞ്ഞുപോയത്. എങ്കിലും യോഹന്നാൻ ബൈബിൾ ഉപേക്ഷിക്കാൻ തയ്യാറായില്ല. സർവസാഹോദര്യം വിളംബരം ചെയ്യുന്നതും പാശ്ചാത്യമേധാവിത്വമുള്ളതും ജാതിചിന്തയും വിവേചനവും ഇല്ലാത്ത സഭയെന്നു കരുതിയ ബ്രദറൻ സഭയിലായിരുന്നു യോഹന്നാനും സംഘവും പിന്നീട് ചേർന്നത്. തീപ്പൊരി പ്രസംഗങ്ങളിലൂടെ യോഹന്നാൻ അവിടെ ശ്രദ്ധാകേന്ദ്രമായി. അദ്ദേഹത്തിന്റെ പ്രസംഗ കേൾക്കാൻ ധാരാളം ആളുകൾ ആവേശത്തോടെ പങ്കെടുത്തു. എന്നാൽ അവിടെയും ദളിത് ക്രിസ്ത്യാനികളോടുള്ള അയിത്തം

പ്രകടമായിത്തുടങ്ങി. ദലിത് ക്രിസ്ത്യാനികൾക്ക് നിലത്തിരുത്തി ആഹാരം കൊടുക്കുക, മികച്ച ഉപദേശിയെന്ന് പേരെടുത്തിട്ടും പ്രാർത്ഥനയ്ക്കും യോഗത്തിനും മറ്റും പോകുമ്പോൾ വിദേശമിഷനറിമാരുടെ പെട്ടിയും സാധനങ്ങളും ചുമന്ന് പുറകെ നടക്കേണ്ടി വരുക തുടങ്ങിയ വിവേചനങ്ങൾ യോഹന്നാന് അനുഭവിക്കേണ്ടിവന്നു. അതുകൊണ്ടു തന്നെ അവിടെയും അധികകാലം തുടർന്നില്ല. മാർത്തോമ്മാസഭയിൽ നിന്നു പിരിയാൻ കാരണം ഒരു മരണമായിരുന്നെങ്കിൽ, ബ്രദറൻ സഭയിൽ നിന്ന് പിരിഞ്ഞതിന് കാരണം ഒരു വിവാഹമായിരുന്നു. മറിയാമ്മ എന്ന സവർണക്രൈസ്തവ യുവതിയും ദാനിയേൽ എന്ന ദലിത് ക്രൈസ്തവനും പ്രേമബദ്ധരായി. യോഹന്നാൻ അവരുടെ വിവാഹം നടത്തിക്കൊടുക്കുവാൻ മുൻകൈയെടുത്തു. ബ്രദറൻ സഭയിലെ മാത്രമല്ല മറ്റു സഭകളിലെയും സവർണക്രൈസ്തവർക്ക് അതു രസിച്ചില്ല. സവർണർ സംഘടിച്ചെത്തി യോഹന്നാൻ ഉപദേശിയെ മർദ്ദിക്കാൻ ശ്രമിച്ചു. രാത്രിയിൽ സ്വന്തം വീടുപേക്ഷിച്ച് മറ്റൊരു വീട്ടിൽ അഭയം തേടേണ്ടിവന്നു. അവിടെയും അദ്ദേഹത്തെ അക്രമികൾ വളഞ്ഞു. അവസാനം അദ്ദേഹം കരിമ്പിൻകാട്ടിൽ ഒളിച്ചിരുന്നാണ് രക്ഷപ്പെട്ടത്. അനാചാരങ്ങൾക്കെതിരെ പോരാടിയ നിരവധി സാമൂഹികപരിഷ്ക്കർത്താക്കൾ കേരളത്തിലുണ്ടായിട്ടുണ്ടെങ്കിലും ശാരീരികമർദ്ദനത്തിനും ഭീഷണിക്കും വിധേരായിട്ടുള്ളവർ യോഹന്നാനെപ്പോലെ മറ്റാരും തന്നെയില്ല.

വിദേശമിഷനറി സംഘങ്ങൾ നേതൃത്വം കൊടുക്കുന്ന വേർപാട് സഭയിലേക്കായിരുന്നു യോഹന്നാനും അനുയായികളും പിന്നീട് ചേർന്നത്. നോയൽ എന്ന വിദേശമിഷനറിക്ക് യോഹന്നാന്റെ പ്രസംഗത്തിലും സംഘാടനമികവിലും മതിപ്പുളവായി. സഭാപ്രസംഗത്തിന് ശമ്പളത്തിൽ നിയമിക്കാൻ ശ്രമിച്ചെങ്കിലും യോഹന്നാൻ അതു നിരസിച്ചു. സാമ്പത്തിക ലാഭമല്ല, ആത്മസാക്ഷാൽക്കാരമാണ് മതപ്രവർത്തനത്തിലൂടെ താൻ ലക്ഷ്യമിടുന്നതെന്ന് യോഹന്നാൻ വ്യക്തമാക്കിയപ്പോൾ വിദേശമിഷനറിക്ക് അതൊരു പുതിയ അനുഭവമായിരുന്നു. സഭയുടെ യോഗങ്ങളിൽ യോഹന്നാൻ നടത്തിയ പ്രസംഗങ്ങൾ, ദളിത് ക്രൈസ്തവർ നേരിടുന്ന അവഗണനകളെക്കുറിച്ചായിരുന്നു. 'ദൈവസന്തതികളും ദുഷ്ടസന്തതികളും എന്ന വിഷയത്തെക്കുറിച്ച് 1907 മുതൽ യോഹന്നാൻ ഉപദേശി തീപ്പൊരിപ്രസംഗങ്ങൾ നടത്തിയതായി ചരിത്രം പറയുന്നു'. ഇതിനെതിരെ പല എതിർപ്പുകളും സഭയുടെ ഭാഗത്തുനിന്നുണ്ടായി. യോഹന്നാൻ തന്റെ പ്രസംഗത്തിലൂടെ സവർണക്രിസ്ത്യാനികളെയാണ് വിമർശിക്കുന്നതെന്ന ആരോപണം ഉയർന്നുവന്നു. തന്റെ അടിമ അനുഭവങ്ങളും അന്നുനിലനിന്നിരുന്ന സാമൂഹ്യമായ അസ്വാതന്ത്ര്യങ്ങളും മടികൂടാതെ അദ്ദേഹം തുറന്നുകാട്ടി. അധഃസ്ഥിതരിൽ ഏറെ പ്രതീക്ഷയും ആവേശവും ഉയർത്തിയ പ്രസംഗങ്ങളായിരുന്നു അവ. അതേസമയം സവർണ്ണക്രൈസ്തവർ യോഹന്നാനെതിരെ കലാപം കൂട്ടിയതിനെത്തുടർന്ന് 1908 ൽ അദ്ദേഹം വേർപാട് സഭയോടും വിടപറഞ്ഞു. വ്യവസ്ഥാപിത ക്രൈസ്തവസഭകളിൽ സവർണ ആധിപത്യം നിലനിൽക്കുന്നിടത്തോളം ക്രിസ്ത്യാനികളായ ദളിതർക്ക് മോചനം ലഭിക്കില്ല എന്നു തിരിച്ചറിഞ്ഞ യോഹന്നാൻ, അടിമസന്തതികൾക്കായി ഒരു ദൈവശാസ്ത്രം രൂപപ്പെടുത്തിയതിന്റെ പശ്ചാത്തലം ഇതാണ്.

## പ്രത്യക്ഷരക്ഷാദൈവസഭ

ഇക്കാലത്താണ് തിരുവിതാംകൂറിൽ ദളിതരുടെ നേതാവായ അയ്യങ്കാളിയുടെ നേതൃത്വത്തിൽ ഐതിഹാസികമായ സമരങ്ങൾ തുടങ്ങിയത്. ദളിതർക്ക് വിദ്യാഭ്യാസം ചെയ്യുന്നതിനോ പൊതുനിരത്തുകളിൽ സഞ്ചരിക്കുന്നതിനോ സ്വാതന്ത്ര്യമില്ലാത്ത സാമൂഹിക നീതിക്കെതിരെ സമരം ചെയ്യുന്നതിന് അധഃസ്ഥിതജനവിഭാഗങ്ങളുടെ ഏകോപനസംഘടനയായ സാധുജനപരിപാലനസംഘം (1907) അയ്യൻകാളി രൂപീകരിച്ചു. ഇതേകാലത്താണ് പൊയ്കയിൽ യോഹന്നാൻ ക്രൈസ്തവസഭയിൽ നിന്നു തെറ്റിപ്പിരിഞ്ഞ് സ്വതന്ത്രചിന്തകനായത്. ഇരുവരുടെയും സാമൂഹികവിപ്ലവങ്ങൾക്കു തമ്മിൽ സമാനതകളും അസമാനതകളും ഉണ്ട്. രണ്ടുപേരും അധഃസ്ഥിതരുടെ സാമൂഹികശക്തിയെ ഉണർത്തി യെടുക്കാൻ ശ്രമിച്ചു. ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ട ദളിതർക്കിടയിലാണ് പൊയ്കയിൽ

യോഹന്നാൻ പ്രവർത്തിച്ചതെങ്കിലും അടിമത്തത്തിലും അധഃസ്ഥിതാ വസ്ഥയിലും കഴിയുന്ന എല്ലാ വിഭാഗം ജനങ്ങളെയും ആത്മീയമായും ഭൗതികമായും സമുദ്ധരിക്കുന്നതിനാണ് പൊയ്കയിൽ യോഹന്നാൻ ശ്രമിച്ചത്. ഇരുവരും കണ്ടുമുട്ടുകയോ പ്രവർത്തനപരിപാടികൾ ഏകോപിപ്പിക്കുകയോ ചെയ്യാനുള്ള സന്ദർഭമുണ്ടായില്ല എന്നു മാത്രം. അയ്യൻകാളിയുടെ പ്രവർത്തനകേന്ദ്രം തിരുവനന്തപുരവും പൊയ്കയിൽ യോഹന്നാന്റേത് കോട്ടയം പ്രദേശത്തും ആയിരുന്നു. അയ്യൻകാളി നടത്തിയത് ഒരർത്ഥത്തിൽ ഒരു വലിയ വിപ്ലവമായിരുന്നു. കാർഷിക അടിമകളായിരുന്നവരുടെ സാമൂഹികശക്തിയെ ഒരു സാമൂഹിക ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയാണ് അദ്ദേഹം ചെയ്തത്. 1905 ൽ അദ്ദേഹം ആഹ്വാനം ചെയ്ത പണിമുടക്കുസമരം തിരുവനന്തപുരത്തും പ്രാന്തപ്രദേശങ്ങളിലും കൃഷിയെ സ്തംഭിപ്പിക്കുക തന്നെ ചെയ്തു. പുലയക്കുട്ടികൾക്ക് സ്കൂളിൽ പ്രവേശനം തന്നില്ലെങ്കിൽ കാർഷികത്തൊഴിൽ ഉപേക്ഷിക്കും എന്ന അയ്യൻകാളിയുടെ പ്രഖ്യാപനം ജ◌ിത്ത-അധികാര കേന്ദ്രങ്ങൾക്കു ഏല്പിച്ചത് മാരകമായ പ്രഹരമായിരുന്നു. 1917-ൽ ഒക്ടോബർ വിപ്ലവം നടക്കുന്നതിനും എത്രയോ മുമ്പ് നിരക്ഷരനും മാർക്സിസം പഠിക്കാത്തവനുമായ അയ്യങ്കാളി ഒരു ജനവിഭാഗത്തിന്റെ ശക്തിയെ സാമൂഹികാവശ്യത്തിന് ഉപയോഗിച്ചു എന്നത് ചരിത്രത്തിലെ വിപ്ലവകരമായ കാര്യമാണ്18. വ്യവസ്ഥിതിയെ വെല്ലുവിളിച്ചുകൊണ്ടുള്ള പ്രത്യക്ഷസമരപരിപാടികളിലൂടെ അധഃസ്ഥിതർക്ക് അർഹതപ്പെട്ട അവകാശങ്ങൾ ചോദിച്ചുവാങ്ങാനാണ് അയ്യൻകാളി ശ്രമിച്ചതെങ്കിൽ, ക്രൈസ്തവ ആത്മീയത എന്ന വ്യവസ്ഥയ്ക്കുള്ളിൽ നിന്നുകൊണ്ട് സവർണമേധാവിത്വത്തിനെതിരെ ദൈവശാസ്ത്രപരമായി പ്രതികരിക്കുകയും അതിലൂടെ അധഃസ്ഥിതർക്ക് സ്വത്വവും കർത്തൃത്വവും നേടിക്കൊടുക്കാനുമാണ് പൊയ്കയിൽ യോഹന്നാൻ ശ്രമിച്ചത്. ക്രൈസ്തവസഭകളുടെ പുറംതിണ്ണകളിൽ അപമാനിതരായി കഴിയേണ്ടി വരുന്നതിന്റെ ഗതികേടിൽ നിന്ന് തന്റെ ജനതയെ രക്ഷിക്കാൻ അദ്ദേഹം തീവ്രമായി ആഗ്രഹിച്ചു.

വ്യവസ്ഥാപിത ക്രൈസ്തവസഭകളിൽ നിന്ന് വിട്ട്, തന്റെ വംശത്തിന് സ്വതന്ത്രമായ അസ്തിത്വം നേടിയെടുക്കുവാൻ ബൈബിൾ തുറന്നുതരുന്ന ആത്മീയ വഴിയിലൂടെ സാഹസികമായി സഞ്ചരിച്ച യോഹന്നാനെ സവർണർ നിരന്തരം വേട്ടയാടിക്കൊണ്ടിരുന്നു. ഭീഷണിയും വധശ്രമവും അടിക്കടിയുണ്ടായപ്പോൾ വീടുവിട്ട് ഒളിവിൽ കഴിയേണ്ടിവന്നു. അദ്ദേഹത്തെ സംരക്ഷിക്കാൻ അനുയായികളിൽ പലർക്കും ജീവൻ ത്യജിക്കേണ്ടിവന്നു. ഒളിവിൽ കഴിഞ്ഞുകൊണ്ടും അദ്ദേഹം ദളിതർക്കായി സുവിശേഷയോഗങ്ങൾ സംഘടിപ്പിച്ചു. യോഹന്നാന്റെ യോഗങ്ങളെ സവർണർ അക്രമിച്ച പല സംഭവങ്ങളുമുണ്ടായി. അത്തരം സംഘർഷങ്ങൾ 'അടിലഹള' എന്ന പേരിൽ അറിയപ്പെടുന്നു. വാകത്താനം ലഹള (1907), മുണ്ടക്കയം ലഹള (1908), വെള്ളനാടിസമരം (1908) എന്നിവ അവയിൽ ചിലതാണ്. ഈ ലഹളകളും സംഘർഷങ്ങളും നടക്കുന്ന കാലങ്ങളിൽ, ദളിത് സ്വത്വരാഷ്ട്രീയത്തിൽ തീവ്രവിപ്ലവചിന്തകളായിരുന്നു പൊയ്കയിൽ യോഹന്നാൻ ചെയ്ത പ്രസംഗങ്ങളിലും എഴുതിയ പാട്ടുകളിലും പ്രതിഫലിക്കുന്നത്. ദ്രാവിഡസംസ്കാരത്തിന്റെ മഹത്വത്തെയും അധഃസ്ഥിതവർഗ്ഗങ്ങളുടെ സാമൂഹ്യനിലയെയും പറ്റി ഒരു ചരിത്രകാരന്റെ പാടവത്തോടെ അധഃസ്ഥിതജനതയ്ക്ക് വിവരിച്ചുകൊടുത്തു. കേരളത്തിൽ അധഃസ്ഥിതരായി അവശേഷിച്ചിരിക്കുന്ന ജനത വാസ്തവത്തിൽ അയിത്തജാതികളല്ലെന്നും ആദിമദ്രാവിഡരുടെ പി◌ുറക്കാരാണെന്നും വിവരിച്ചു കൊണ്ട് ദളിതരുടെ സ്വത്വത്തെയും ചരിത്രത്തെയും വീണ്ടെടുക്കാനുള്ള ജ്ഞാനശാസ്ത്രപരമായ ശ്രമങ്ങളാണ് ആ അധഃസ്ഥിതവിമോചകൻ നടത്തിയത്.

'കാണുന്നില്ലോരക്ഷരവും

എന്റെ വംശത്തെപ്പറ്റി

കാണുന്നുണ്ടനേകവംശത്തിൻ

ചരിത്രങ്ങൾ'

എന്നിങ്ങനെയുള്ള പ്രസംഗങ്ങൾ അധഃസ്ഥിതവിമോചനത്തിന്റെ വാക്സമരവഴികളായി മാറുകയായിരുന്നു പൊയ്കയിൽ യോഹന്നാൻ. കറുത്തവരുടെയും അടിമകളുടെയും ക്രിസ്തുവായി മാറിയ പൊയ്കയിൽ യോഹന്നാന്റെ ആയുധം ഒരേസമയം വൈകാരികതയും ചിന്താപരതയും സമന്വയിക്കുന്ന പ്രസംഗവും പാട്ടുകളുമായിരുന്നു. അവ അധഃസ്ഥിതവർഗ്ഗത്തിന്റെ മനസ്സുകളെ ഉലയ്ക്കുന്നതായിരുന്നു. 'വിലാപഗാനം പോലെ ഒഴുകിയ പ്രസംഗങ്ങൾ പ്രഭാഷകരെയും ശ്രോതാക്കളെയും കരയിച്ചു' എന്നാണ് ജീവചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നത്[19]. ആയുധധാരികളായ സവർണർ യോഹന്നാന്റെ യോഗസ്ഥലം ആക്രമിക്കുന്ന നിരവധി സംഭവങ്ങളുണ്ടായി. വാകത്താനംലഹള (1907) എന്നറിയപ്പെടുന്ന സംഭവം അത്തരത്തിലൊന്നായിരുന്നു. വാകത്താനത്തിനടുത്ത് ആദിച്ചൻ ഏബ്രഹാം എന്ന വ്യക്തിയുടെ വീട്ടിൽ വെച്ച് യോഹന്നാൻ അനുയായികളോടൊപ്പം പെട്ടെന്നുണ്ടായ വികാരത്തള്ളലിൽ ബൈബിൾ കത്തിച്ചുവത്രേ. സംഭവമറിഞ്ഞപ്പോൾ സവർണ ക്രിസ്ത്യാനികൾ ഇളകി. യോഹന്നാനെ അന്നു രാത്രി തന്നെ കൊന്നേ അടങ്ങൂ എന്ന് കലിയിളകി, അവർ യോഹന്നാനെ വളഞ്ഞു. കൊല്ലപ്പെട്ടേക്കുമെന്ന് മനസ്സിലാക്കിയ വീട്ടുകാർ യോഹന്നാനെ ഒളിപ്പിച്ചു. പിന്നീട് സ്ത്രീകളെപ്പോലെ ചട്ടയും മുണ്ടും ധരിച്ച് ക്രിസ്ത്യാനികളെ തെറ്റിദ്ധരിപ്പിച്ചാണ് രക്ഷപ്പെടുത്തിയത്[20]. മുണ്ടക്കയം, വെള്ളനാടി എന്നിവിടങ്ങളിൽ വെച്ചും യോഹന്നാന്റെ പ്രസംഗത്തിനെതിരെ അക്രമമുണ്ടായി. കായികാഭ്യാസികളായ അംഗരക്ഷകർ യോഹന്നാനെ സംരക്ഷിക്കുകയായിരുന്നു. 1909-ൽ കുളത്തൂർ എന്ന സ്ഥലത്ത് അധഃസ്ഥിതരുടെ കോളനിയിൽ നടത്തിയ പ്രസംഗത്തിൽ ജനങ്ങൾ അദ്ദേഹത്തിന്റെ വാക്കുകളിൽ ഒരു രക്ഷകന്റെ സാന്നിധ്യമറിഞ്ഞുവെന്നും, അടിമത്താവസ്ഥയിൽ നിന്നുള്ള മോചനത്തിന്റെയും ആശ്വാസത്തിന്റെയും വാക്കുകൾ കേട്ട ജനത അദ്ദേഹത്തെ പ്രത്യക്ഷദൈവമായികണ്ട് 'അപ്പച്ചാ' എന്നു സംബോധന ചെയ്തു എന്നുമാണ് ചരിത്രം. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ചരിത്രപരവും ഉദ്ബോധനപരവും വികാരനിർഭര വുമായിരുന്നുവത്രേ. അധഃസ്ഥിതവർഗ്ഗക്കാരെല്ലാം ഒരു കാലത്ത് ഒരു ഗോത്രത്തിൽ പ്പെട്ടിരുന്നുവെന്നും അനന്തരകാലത്ത് ചില പ്രത്യേകകാരണങ്ങൾ കൊണ്ടാണ് ഉപജാതികളായി മാറിയതെന്നുമുള്ള അപ്പച്ചന്റെ പ്രസംഗം അനുയായികളെ ഇരുത്തി ചിന്തിപ്പിച്ചു. അതവർക്ക് അറിവിന്റെ വെളിച്ചം നൽകി.

## യോഹന്നാന്റെ വിമോചനദൈവശാസ്ത്രം

യോഹന്നാൻ ക്രിസ്തുവിൽ അടിയുറപ്പിച്ചു വിശ്വസിച്ചിരുന്നു. അനന്തരകാലത്തും ക്രിസ്തുവിനോടോ ബൈബിളിനോടോ അദ്ദേഹത്തിന് എതിർപ്പ് തോന്നിയിരുന്നില്ല. എന്നാൽ ക്രിസ്തുവിന്റെ അനുയായികൾ എന്നു വിശ്വസിച്ചിരുന്നവർ, ക്രിസ്തുവിന്റെ ആദർശങ്ങൾക്ക് കടകവിരുദ്ധമായി പ്രവർത്തിക്കുന്നതു കണ്ടപ്പോൾ വിശ്വാസിയായ യോഹന്നാൻ ചിന്താക്കുഴപ്പത്തിലായി. ക്രിസ്ത്യൻ മിഷനറി പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോഴും അദ്ദേഹം പ്രതിനിധാനം ചെയ്യാൻ ശ്രമിച്ചത് അടിമസന്തതികളെ ആയിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ വിയോജിപ്പുകൾ ബൈബിൾ കത്തിക്കുന്നതിലേക്കും അടിമകൾക്കായുള്ള ദൈവശാസ്ത്രാന്വേഷണത്തിലേക്കും നീളുന്നത്[21]. ക്രൈസ്തവസഭകളിൽ നിന്നും സവർണക്രൈസ്തവരിൽ നിന്നുമുണ്ടായ തിക്താനുഭവങ്ങൾ, അദ്ദേഹത്തെ അടിമകൾക്കായുള്ള ഒരു വിമോചനദൈവശാസ്ത്രം രൂപപ്പെടുത്തുന്നതിലേക്കു നയിച്ചു. ദൈവവിശ്വാസികളും നിസ്വാർത്ഥസേവകരും ജാതിരഹിതരുമായ ഒരു സമൂഹത്തെയാണ് അദ്ദേഹം വിഭാവന ചെയ്തത്. അത്തരം സഭയുടെ രൂപീകരണത്തിനായി അദ്ദേഹം ചില ചിട്ടകളും നിയമങ്ങളും ഏർപ്പെടുത്തി. തന്റെ സഭയിൽ അംഗങ്ങളാകാൻ താല്പര്യമുള്ളവരെ അദ്ദേഹം ഒരാഴ്ചക്കാലം ബൈബിൾ പഠിപ്പിക്കും. അതിനുശേഷം സഭയിൽ ചേരേണ്ടവർക്ക് രക്ഷാനിർണ്ണയയോഗം നടത്തും അതിൽ വെച്ച് ദൈവത്തെയും ക്രിസ്തുവിനെയും പരിശുദ്ധാത്മാവിനെയും നിനക്കായി എറിഞ്ഞുതരുന്നു എന്ന് പറഞ്ഞ് 'തുണി' ചുരുട്ടി അവരുടെ നേർക്ക് എറിയുമായിരുന്നു. അങ്ങനെ യോഗവും ഉപാസനയും കഴിഞ്ഞാൽ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ മാത്രം അംഗങ്ങളെ ചേർക്കും. അധഃസ്ഥിതവർഗ്ഗക്കാർ

മാത്രമല്ല അപ്രകാരം അംഗങ്ങളായി ത്തീർന്നിട്ടുള്ളത്. ആശാരി, സുറിയാനി ക്രിസ്ത്യാനി തുടങ്ങിയ നൂറുകണക്കിനുപേർ സഭയിൽ ചേർന്നു. വിവാഹം പോലുള്ള ചടങ്ങുകൾക്ക് പ്രത്യേകമായ ആചാരാനുഷ്ഠാനങ്ങൾ ഉണ്ടാക്കി. സഭയുടെ പ്രചാരകരായി അർപ്പണബോധമുള്ള നിരവധി പ്രവർത്തകരെ കർമ്മരംഗത്തിറക്കി. അച്ചടക്കം, ശുചിത്വം എന്നിവയിൽ പൊതുനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. സഭാംഗങ്ങളുടെ സാമ്പത്തികാഭിവൃദ്ധിക്കുവേണ്ടി ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു. താമസിക്കുന്നതിനും കൃഷിക്കുമായി സ്ഥലങ്ങൾ വാങ്ങിക്കുകയും പൊതുസ്ഥാപനങ്ങൾ തുടങ്ങുകയും ചെയ്തുകൊണ്ട് അധഃസ്ഥിതജനതയുടെ സർവതോമുഖമായ വളർച്ചയ്ക്കുവേണ്ടി സാമ്പത്തികവും സാംസ്കാരികവുമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി. അങ്ങനെ യോഹന്നാൻ എല്ലാ അടിമകളുടെയും വിമോചകനായി മാറി.

അടിമവർഗ്ഗങ്ങൾ സംഘടിച്ച് ഒരേ ശബ്ദത്തിൽ സ്വാതന്ത്ര്യത്തിനുവേണ്ടി മുറവിളി കൂട്ടിയത് സവർണ്ണർക്ക് സഹിക്കാൻ കഴിഞ്ഞില്ല. യോഹന്നാന്റെ തത്ത്വസംഹിതയുടെയോ നിർദ്ദിഷ്ടസഭയുടെയോ പേര് വെളിപ്പെടുത്തിയിരുന്നില്ല. എങ്കിലും സവർണ്ണരും അവർണ്ണരും ഉൾപ്പെടെ ലക്ഷകണക്കിന് ജനങ്ങൾ അദ്ദേഹത്തിന്റെ അനുയായികളായി മാറി. തന്റെ അനുയായികൾ മനുഷ്യരെപ്പോലെ ജീവിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. 'അടിമത്തം താറുമാറാക്കിയ ഒരു ജനതയെ പുനരുദ്ധരിക്കാനുള്ള സൂക്ഷ്മമായ ഇടപെടലുകൾ അദ്ദേഹം തന്റെ ജനതയ്ക്ക് നൽകിയ ഉപദേശങ്ങളിലും നിർദ്ദേശങ്ങളിലും കാണാൻ കഴിയും. വൃത്തിയായ വെള്ളവസ്ത്രം ധരിക്കണം, വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം, കുളിച്ചതിനുശേഷമേ ആഹാരം പാകം ചെയ്യാവൂ, മുന്നിടങ്ങഴിവെള്ളവും ഇലയും ഉപയോഗിച്ച് ശൗചം ചെയ്യണം, പാത്രം കഴുകിയാൽ കമിഴ്ത്തിവയ്ക്കണം, ഒരു തുണി മാത്രമേ ഉള്ളൂവെങ്കിലും അത് അടിച്ചുനനച്ച് വൃത്തിയായി ഉപയോഗിക്കണം. ഇങ്ങനെ അടിമത്തത്തിൽ നിന്നും ഒരു ജനതയെ ശുദ്ധിയിലേക്കും സ്വത്വബോധത്തിലേക്കും കർത്തൃത്വത്തിലേക്കും ഉയിർത്തെഴുന്നേല്പിക്കുകയാണ് പൊയ്കയിൽ യോഹന്നാൻ തന്റെ കർമ്മ പദ്ധതികളിലൂടെ നിറവേറ്റിയതെന്നു പറയാം. അദ്ദേഹം ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് നിരന്തരം അനുയായികളുമായി നീങ്ങിക്കൊണ്ടിരുന്നു. അധഃസ്ഥിതരും അടിമകളുമായ ജനങ്ങളുടെ ഇടയിലേക്കുള്ള ആ യാത്രകൾ ഒരു തരത്തിൽ ദുരിതാശ്വാസപ്രവർത്തനങ്ങളും വിമോചനത്തിന്റെ ദൈവശാസ്ത്ര പ്രഘോഷണങ്ങളുമായിരുന്നു. വെള്ളവസ്ത്രങ്ങൾ ധരിച്ച് സമാധാനത്തിന്റെയും സൗഹാർദ്ദത്തിന്റെയും വെള്ളപ്രാവുകളെപ്പോലെയായിരുന്നു യോഹന്നാനും സംഘവും സഞ്ചരിച്ചിരുന്നത്. ആഭരണങ്ങൾ ഉപേക്ഷിക്കാനും ലഹരിപദാർത്ഥങ്ങൾ വർജ്ജിക്കുവാനും യോഹന്നാൻ തന്റെ അനുയായികളോട് കല്പിച്ചു. പൊയ്കയിൽ യോഹന്നാനൊപ്പം ആർത്തിരമ്പുന്ന ആവേശഭരിതരായ ജനങ്ങളെ കണ്ട് സവർണ്ണക്രിസ്ത്യാനികൾ ഭയന്നു. തങ്ങളുടെ പിടിയിൽ നിന്ന് കുതറിമാറിപ്പോകുന്ന ഒരു വമ്പിച്ച സമുദായത്തെ എങ്ങനെ തളച്ചുനിർത്താമെന്നായി അവരുടെ ആലോചന. ഇതിനെ പ്രതിരോധിക്കാനാവത്തതു കൊണ്ട് സ്വഭാവഹത്യയിലൂടെ പൊയ്കയിൽ യോഹന്നാനെ പരാജയപ്പെടുത്താനാണ് അവർ ശ്രമിച്ചത്. അദ്ദേഹത്തിന്റെ സ്വകാര്യജീവിതത്തെ കരിതേച്ചുകാണിക്കാനുള്ള ശ്രമം വിഫലമായപ്പോൾ, യോഹന്നാൻ നടത്തുന്ന രഹസ്യയോഗങ്ങൾ ജർമ്മനു അനുകൂലമായും ബ്രിട്ടീഷു ഗവൺമെന്റിനുവിരുദ്ധമായും ആണെന്ന് കൃത്രിമമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് കേസ് ഫയൽ ചെയ്തു. ബ്രിട്ടീഷ് ഗവൺമെന്റിനു വിരുദ്ധമായും ജർമ്മനിക്ക് അനുകൂലമായും അദ്ദേഹം പ്രാർത്ഥിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നു എന്നതായിരുന്നു കേസ്. കൊളോണിയൽ ഭരണകൂടത്തിന്റെ നിയമസംവിധാനം യോഹന്നാനെ കോടതിയിൽ വിളിച്ചുവരുത്തി വിസ്തരിക്കുകയുണ്ടായി ചങ്ങനാശ്ശേരി മജിസ്ട്രേറ്റുകോടതി. 'നിങ്ങൾ ജർമ്മനിക്കുവേണ്ടി പ്രാർത്ഥിക്കാറുണ്ടോ എന്ന് യോഹന്നാനോട് ചോദിച്ചു. 'എന്റെ ജനങ്ങൾക്കുവേണ്ടിയാണ് പ്രാർത്ഥിക്കാറു ള്ളതെന്നായിരുന്നു' യോഹന്നാന്റെ മറുപടി, നിങ്ങൾ നടത്തുന്ന സമുദായത്തിന്റെ പേരെന്തെന്ന് കോടതി ആരാഞ്ഞു. ആ ചോദ്യത്തിനു മുന്നിൽ ഒന്നു പകച്ചെങ്കിലും പെട്ടെന്ന് മനസ്സിൽ തോന്നിയ പേര് 'പ്രത്യക്ഷരക്ഷാദൈവസഭ' എന്നു

യോഹന്നാൻ പറഞ്ഞുവത്രേ. അന്നുവരെ തന്റെ സഭയ്ക്ക് യോഹന്നാൻ പേരു കല്പിച്ചിരുന്നില്ല. കോടതിമുറിയിൽ വെച്ച് ഒരു വെളിപാടുപോലെ തോന്നിയ പേര്, അങ്ങനെ യോഹന്നാന്റെ സഭയുടെ പേരായി നാണയപ്പെട്ടു. 1910-ൽ ആയിരുന്നു ഈ കോടതി വിസ്താരവും പേര് പ്രഖ്യാപനവും നടന്നത്. യോഹന്നാന്റെ മറുപടി തൃപ്തികരമായി തോന്നുകയാൽ കോടതി അദ്ദേഹത്തെ വെറുതെ വിടുകയായിരുന്നു. പൊയ്കയിൽ യോഹന്നാനും അദ്ദേഹത്തിന്റെ പ്രത്യക്ഷരക്ഷാദൈവസഭ എന്ന മതവും ചരിത്രം കുറിക്കുകയും, ചരിത്രമില്ലാത്തവരുടെ ചരിത്രനിർമ്മിതിയുടെ ഭാഗമാവുകയും ചെയ്തത് അങ്ങനെയാണ്.

ഇതരമതങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായിരുന്നു അടിമകളുടെ വിമോചന ത്തിനായി അദ്ദേഹം ആവിഷ്കരിച്ച മതം. അതിൽ ക്രിസ്തുമതത്തിന്റെയും ഹിന്ദുമതത്തിന്റെയും സത്തയുണ്ട്. യഥാർത്ഥത്തിൽ ഹിന്ദുമതത്തിൽ നിന്നും ക്രിസ്തുമതത്തിൽ നിന്നും നീതിലഭിക്കാത്ത അധഃസ്ഥിതർക്കായി ഒരു പുതിയ മതത്തിന് രൂപം നൽകുകയായിരുന്നു 'പ്രത്യക്ഷരക്ഷാദൈവസഭ'യിലൂടെ പൊയ്കയിൽ യോഹന്നാൻ. അധഃസ്ഥിതരെ ഹിന്ദുമതക്കാരും ക്രിസ്തുമതക്കാരും ഉൾക്കൊള്ളുകയില്ല എന്ന തിരിച്ചറിവാണ് ഈ മതരൂപീകരണത്തിന് കാരണമായത്. 1963 ൽ PRDS സഭയെപ്പറ്റി കേരള ഹൈക്കോടതിയിൽ ഉണ്ടായ ഒരു കേസിൽ PRDS ഒരു ഹിന്ദുമതതത്വസംഹിതയല്ല, അടിച്ചമർത്തപ്പെട്ടതും സാമൂഹ്യമായി ദുർബലപ്പെട്ടതുമായ ജനസമൂഹങ്ങളുടെ ജാതിരഹിതമായ ഒരു സമൂഹം പടുത്തുയർത്തുന്നതിനുള്ള ധീരമായ ഒരു പരിശ്രമമാണ് എന്നാണ് കോടതി നിരീക്ഷിച്ചത്. ഈ വിധിയിൽ PRDS ഒരു ക്രിസ്തീയ സംഘടനയല്ല എന്നും കോടതി നിരീക്ഷിക്കുകയുണ്ടായി. ക്രിസ്തുമതത്തിന്റെയും ഹിന്ദുമതത്തിന്റെയും പുറവഴിയിൽ രണ്ടു വിഭാഗങ്ങളുടെയും നിഷ്ഠൂരമായ എതിർപ്പും പീഡനവും സഹിച്ചുകൊണ്ട് പ്രവർത്തിച്ചുവന്ന PRDS ന് അയിത്ത ജനവിഭാഗങ്ങളെ ആകമാനം ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നു. അടിമകളായി കഴിഞ്ഞിരുന്ന ജനങ്ങളെ മനുഷ്യരാക്കി മാറ്റുവാൻ പൊയ്കയിൽ യോഹന്നാൻ തന്റെ പ്രത്യക്ഷരക്ഷാദൈവസഭയിലൂടെ അനവരതം പ്രവർത്തിച്ചു. മതത്തെയും ദൈവത്തെയും കുറിച്ച് പഠിപ്പിക്കുന്നതിനു മുമ്പായി മനുഷ്യനെക്കുറിച്ച് പഠിപ്പിക്കുവാൻ അദ്ദേഹം ശ്രമിച്ചു. തങ്ങൾ മനുഷ്യരാണെന്ന ബോധമില്ലാതെ നൂറ്റാണ്ടുകളായി മൃഗങ്ങളെപ്പോലെ കഴിഞ്ഞുവന്ന ജനതയെ വിളിച്ചുണർത്തിയിട്ട് നിങ്ങളും മനുഷ്യരാണെന്ന് പറഞ്ഞത് അവർക്കൊരു പുതുമയായിരുന്നു. നിന്നിൽ ദൈവമുണ്ട് നിങ്ങളുടെ മനസ്സ് ദേവാലയമാണ് എന്ന് പൊയ്കയിൽ യോഹന്നാൻ തന്റെ ജനതയോട് സംശയാതീതമായി പറഞ്ഞു. അധഃസ്ഥിത വർഗ്ഗങ്ങളിലെ പതിനാലിൽപ്പരം അവാന്തരവിഭാഗങ്ങളെ ആ ഒരൊറ്റ സംഘടനയ്ക്കു കീഴിൽ കൊണ്ടുവരാനും അവരെ വിവാഹബന്ധങ്ങളിലും ആചാരങ്ങളിലും വിശ്വാസങ്ങളിലും ഒരൊറ്റ ജനതയായി രൂപപെടുത്തുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞു. ആത്മബോധവും അവകാശബോധവുമുള്ള ഒരു പുതുജനതയുടെ നിർമ്മിതിയിൽ പൊയ്കയിൽ യോഹന്നാന്റെ പ്രത്യക്ഷരക്ഷാദൈവസഭ എന്ന (PRDS) സംഘടന വഹിച്ച പങ്ക് നിസ്തുലമാണ്. അധഃസ്ഥിതാനുഭവത്തിന്റെ ആഖ്യാനങ്ങൾ അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലും ഗാനങ്ങളിലും പ്രകമ്പനം കൊണ്ടു. അധഃസ്ഥിതസ്വത്വനിർമ്മിതിയുടെ ആഖ്യാനങ്ങളാണ് അദ്ദേഹത്തിന്റെ ഗാനങ്ങളും പ്രഭാഷണങ്ങളുമെല്ലാം.

'ഹിന്ദുമത്തിൻ പുറവഴിയേ നമ്മൾ

അനാഥരെന്നപോൽ സഞ്ചരിച്ചു

ക്രിസ്തുമതത്തിൽ പുറവഴിയേ നമ്മൾ

അനാഥരെന്നപോൽ സഞ്ചരിച്ചു

ഹിന്ദുമതത്തിലും ചേർക്കയില്ല നമ്മെ

ക്രിസ്തുമതത്തിലും ചേർക്കയില്ല'

എന്ന് തുടങ്ങുന്നതാണ് അദ്ദേഹമെഴുതിയ പാട്ടുകളിലൊന്ന് അതൊരു ഉറച്ച വിശ്വാസമായിരുന്നു. അദ്ദേഹത്തിന്റെ അനുയായികളെല്ലാം ഈ അനുഭവപാഠം ഉരുവിടുന്നവരാണ്. മേലിൽ ദുരനുഭവങ്ങളുടെ കയ്പുനീര് കുടിക്കുവാൻ ഇടയാകാതിരിക്കാൻ അവർ വേണ്ട മുൻകരുതലുകളെടുത്തു. മനുഷ്യരെ മനുഷ്യരായി കാണുവാനും ജാതിരഹിതസമൂഹം പടുത്തുയർത്തുവാനും മാതൃകാപരമായ പ്രേരകശക്തിയായി പ്രവർത്തിക്കാൻ പ്രത്യക്ഷരക്ഷാദൈവസഭ പ്രതിജ്ഞാബദ്ധമായി. ഇത്രയും തീവ്രതയോടെ, ചരിത്രബോധ്യത്തോടെ വിപ്ലവകരമായ രീതിയിൽ അധഃസ്ഥിതജനതയുടെ ഉന്നമനത്തിനായി പ്രവർത്തിച്ച നവോത്ഥാനനായകർ വിരളമാണ് എന്നു പറയാം.

പ്രത്യക്ഷരക്ഷാദൈവസഭയെ, പ്രത്യക്ഷത്തിൽ രക്ഷ കിട്ടുന്ന സഭയെന്നും അപ്രത്യക്ഷനായ ദൈവം പ്രത്യക്ഷപ്പെട്ട സഭയെന്നും വ്യാഖ്യാനിക്കുന്നുണ്ട്. ഇതരമതക്കാർ പറയുംപോലെ ഈ ലോകത്ത് ദുരിതമനുഭവിക്കേണ്ടി വന്നാലും മറുലോകത്ത് ചെല്ലുമ്പോൾ സുഖം ലഭിക്കും എന്ന പ്രതീക്ഷ ജനങ്ങൾക്ക് അദ്ദേഹം നൽകിയില്ല. മറിച്ച് ഈ ലോകത്ത് ജീവിച്ചിരിക്കുമ്പോൾ തന്നെ രക്ഷ കിട്ടണം എന്ന യുക്തിയാണ് അദ്ദേഹത്തെ നയിച്ചിരുന്നത്. പരലോകരക്ഷയും മോക്ഷവും സ്വർഗ്ഗവും എന്ന ആശയങ്ങൾ പ്രത്യക്ഷരക്ഷാ ദൈവസഭയുടെ തത്ത്വശാസ്ത്രം നിരസിക്കുന്നു. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിച്ച് സൽക്കർമ്മങ്ങൾ ചെയ്യുക, ഈ ലോകത്തിൽ മറ്റുള്ളവരെപ്പോലെ ആനന്ദത്തോടെ വാഴുക ഇതെല്ലാമായിരുന്നു പ്രത്യക്ഷരക്ഷാദൈവസഭയുടെ ലക്ഷ്യങ്ങളായി അംഗീകരിക്കപ്പെട്ടത്. 1910-മുതൽ സഭയുടെ പ്രവർത്തനം ഊർജ്ജസ്വലമായി. അനേകം പ്രവർത്തകരും അനുയായികളുമായി 1912-ൽ തിരുവനന്തപുരത്ത് ശാഖ രൂപീകരിച്ചു. പാറശ്ശാല, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ നാടാർ സമുദായത്തിൽപ്പെട്ട ധാരാളം ആളുകൾ സഭയിൽ ചേർന്നു.

1914-ൽ തിരുവിതാംകൂർ മഹാരാജാവ് ശ്രീമൂലംതിരുനാളിന്, അധഃസ്ഥിതരുടെ നേതൃത്വത്തിൽ പൊയ്കയിൽ യോഹന്നാൻ നൽകിയ സ്വീകരണം ഒരു വഴിത്തിരിവായിരുന്നു. അധഃസ്ഥിതരുടെ പ്രശ്നങ്ങളിൽ ഭരണകൂടത്തിന്റെ സത്വരശ്രദ്ധ പതിയാനിടയാക്കിയ സംഭവമായിരുന്നു അത്. മഹാരാജാവ് ചെങ്ങന്നൂർ വഴി പീരുമേട്ടിലേക്കു പോകുന്നു എന്ന വിവരം യോഹന്നാനു ലഭിച്ചു. രാജാവിന് വിവിധ സ്ഥലങ്ങളിൽ സവർണ സംഘടനകളും വ്യക്തികളും സ്വീകരണം ഒരുക്കിയിരുന്നു. ചെങ്ങന്നൂർ വെച്ച് രാജാവിന് സ്വീകരണം നൽകാൻ യോഹന്നാൻ തീരുമാനിച്ചു. അതുപക്ഷേ ശ്രമകരമായ ജോലിയായിരുന്നു. പൊതുനിരത്തിലൂടെ സഞ്ചരിക്കുവാൻ അയിത്തജാതിക്കാർക്ക് അന്ന് സ്വാതന്ത്ര്യമില്ലായിരുന്നു. അതുകൊണ്ടുതന്നെ അതൊരു സാഹസമായിരുന്നു. സവർണർ ഇതുമനസ്സിലാക്കി യോഹന്നാന്റെ ശ്രമങ്ങളെ തടയാൻ ശ്രമിച്ചു. ചെങ്ങന്നൂർ പട്ടണത്തിൽ സ്വീകരണപരിപാടി നടത്താൻ സവർണർ സ്ഥലം കൊടുത്തില്ല. നിരാശനാകാതെ യോഹന്നാൻ, പട്ടണത്തിന്റെ ഒഴിഞ്ഞകോണിൽ ദുർഗന്ധം വമിക്കുന്ന ഒരു സ്ഥലം കണ്ടുപിടിച്ചു. എതിർക്കുന്നവർ ആ പ്രദേശത്ത് എത്തിയില്ല. അധ്വാനശീലരായ യോഹന്നാന്റെ ആളുകൾ അവിടെ ചെത്തിവാരിവെടിപ്പാക്കി കമനീയമായി അലങ്കരിച്ചു. പൂക്കളും കുരുത്തോലകളും കൊണ്ട് മെയിന്റോഡുസൈഡിൽ കമനീയമായ ഒരു പന്തൽ തീർത്തു. തൂവെള്ളവസ്ത്രധാരികളായ യോഹന്നാനും സംഘവും റോഡിന്റെ ഇരുവശങ്ങളിലുമായി നിരന്നുനിന്നു. ആ കറുത്ത ജനങ്ങളെയും അവരുടെ അച്ചടക്കവും പാട്ടും മറ്റും കേട്ട് അതുവഴിപോയ മഹാരാജാവിന്റെ വാഹനം നിശ്ചലമായി. ആ മനോഹരപൂപ്പന്തലിന്റെ ശില്പി ആരാണെന്ന് അന്വേഷിച്ചു. തൊഴുകൈകളോടെ നിന്ന യോഹന്നാനോട് എന്താണ് ആവശ്യമെന്ന് രാജാവ് ചോദിച്ചു. അതിനു മറുപടിയായി യോഹന്നാനും അനുയായികളും ഏകസ്വരത്തിൽ മനസ്സലിയുംവിധം പാടുകയാണുണ്ടായത്.

'ഇമ്പമേറും തിരുവിതാംകൂറിനെ

ശാന്തമായൊന്നുഭരിക്കേണമേ

അന്യായങ്ങളെല്ലാം തീർക്കേണമേ

നമുക്കാനന്ദമായൊന്നു വാഴേണമേ'

എന്ന ശ്രുതിമധുരമായ ഗാനം കേട്ട്, യോഹന്നാന് ആവശ്യമുള്ളതെന്തും ചോദിക്കാം എന്നു പറഞ്ഞുവത്രേ. 'അവിടുത്തെ കൃപ മാത്രം മതി' എന്നായിരുന്നു യോഹന്നാന്റെ മറുപടി. അതുപക്ഷേ അനുയായികളിൽ നിരാശയുണ്ടാക്കി. ഭൂമി പതിച്ചു കിട്ടണമെന്നോ സാമ്പത്തിക സഹായം നൽകണമെന്നോ ആവശ്യപ്പെടാതിരുന്നതിന് അവർ യോഹന്നാനെ കുറ്റപ്പെടുത്തി. അതിന് യോഹന്നാൻ പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു. 'ഈ രാജ്യം അധ്വാനശീലരായ നമ്മുടേതാണ്. ഈ രാജ്യത്തിന്റെ അവകാശികൾ മറ്റുള്ളവരോട് യാചിക്കുന്നതിലർത്ഥമില്ല. തന്നെയുമല്ല രാജാക്ക ാർ തങ്ങളുടെ കിരീടം താഴെ വയ്ക്കുന്ന കാലം വിദൂരമല്ല'22. സ്വീകരണചടങ്ങിൽ നടന്ന സംഭവങ്ങൾ പ്രത്യക്ഷരക്ഷാദൈവ സഭാംഗങ്ങളെ ഇരുത്തി ചിന്തിപ്പിച്ചു. തങ്ങൾ മറ്റുള്ളവരെപ്പോലെ അവകാശങ്ങൾക്ക് അർഹരാണെന്നും തീണ്ടലും തൊടീലും അർത്ഥശൂന്യമാണെന്നും യോജിച്ചുനിന്നാൽ പലതും നേടാൻ കഴിയുമെന്നും അവർക്ക് ബോധ്യമായി.

ദളിതർക്ക് സാമ്പത്തിക സ്വയംപര്യാപ്തതയും വിദ്യാഭ്യാസവും നൽകുന്ന കാര്യത്തിലായിരുന്നു പൊയ്കയിൽ യോഹന്നാൻ ഏറെ ശ്രദ്ധിച്ചത്. 1916-ൽ ചങ്ങനാശ്ശേരി താലൂക്കിൽ അമരം ചേരിക്കലിൽ 55 ഏക്കർ സ്ഥലംവാങ്ങി സമുദായാംഗങ്ങളെ പാർപ്പിച്ചു. അന്നുവരെ അടിയാളരും അടിമകളുമായി ജീവിച്ചവർക്ക് സ്വന്തമായി ഭൂമിയും സ്വന്തമായി കൃഷിസ്ഥലവും എന്നത് അവരിൽ സ്വത്വവും കർത്തൃത്വവും ഉണ്ടാക്കിക്കൊടുത്ത സംരംഭമായിരുന്നു. അവിടെ പ്രൈമറി സ്കൂളും ആരാധനാലയവും സ്ഥാപിച്ചു. ഈ സ്ഥലം വാങ്ങിയതിന്റെ കടബാധ്യത തീർക്കാൻ അനുയായികളോടൊപ്പം മുണ്ടക്കയത്തുള്ള ചിറ്റടിതോട്ടത്തിൽ യോഹന്നാൻ പണിക്കുപോയതായി ചരിത്രം പറയുന്നു23. 1917-ൽ ട്രോപ്പിക്കൽ പ്ലാന്റേഷൻ കമ്പനിയിൽ നിന്ന് കടമെടുത്ത് ഇരവിപേരൂരിൽ 7 ഏക്കർ സ്ഥലം വാങ്ങി കോളനിയും നെയ്ത്ത് പരിശീലനസ്കൂളും സ്ഥാപിച്ചു. 1929-ൽ ചങ്ങനാശ്ശേരിക്കു സമീപം വെള്ളങ്ങളത്തുകുന്നിൽ ഇംഗ്ലീഷ്മിഡിൽ സ്കൂൾ സ്ഥാപിച്ചു. നെയ്യാറ്റിൻകരയിലും സഭയ്ക്ക് ആസ്ഥാനമന്ദിരവും ആരാധനാലയവും സ്ഥാപിക്കുകയുണ്ടായി. ഇരവിപേരൂർ, അമര, മുതലപ്ര, ഊട്ടുപാറ, വെങ്കോട്ട, വാകത്താനം, വെള്ളുങ്ങളത്തുകുന്ന്, നെയ്യാറ്റിൻകര, എണ്ണിക്കാട്, ചെമ്പൂര്, കോട്ടയം, വെട്ടിയാട്, കോത്തല, കനകപ്പാലം എന്നീ സ്ഥലങ്ങളിലായി വസ്തുക്കൾ വാങ്ങുകയും ഭൂരഹിതരായ സഭാംഗങ്ങൾക്ക് കിടപ്പാടം നിർമ്മിക്കുന്നതിനായി വിനിയോഗിക്കുകയും ചെയ്തു. അടിമത്തത്തിൽ നിന്ന് മോചിപ്പിച്ച് അധഃസ്ഥിതരെ നവീകരിക്കപ്പെട്ട മനുഷ്യരാക്കിത്തീർക്കുന്ന പ്രക്രിയയിൽ ഏറ്റവും പ്രധാനം ഭൗതികാസ്പദങ്ങളും വിഭവാധികാരവുമാണെന്ന് തിരിച്ചറിഞ്ഞ ഒരു സാമ്പത്തിക ചിന്തകനെയാണ്, പൊയ്കയിൽ യോഹന്നാനിൽ കാണാൻ കഴിയുന്നത്. ഇത്തരം ഭാവനാത്മകമായ സമുദ്ധായോദ്ധാരണ പ്രവർത്തനങ്ങൾ നവോത്ഥാനനായകരിൽ ശ്രീനാരായണഗുരുവിലും പൊയ്കയിൽ യോഹന്നാനിലും മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. ഇന്നും ഇന്ത്യയിൽ ദളിത് ജനവിഭാഗങ്ങളുടെ പിന്നോക്കാവസ്ഥയ്ക്കും അന്യവൽക്കരണത്തിനും കാരണം വിഭവാധികാരത്തിന്റെ അഭാവമാണ് എന്ന് തിരിച്ചറിയുമ്പോഴാണ് പൊയ്കയിൽ യോഹന്നാന്റെ ദീർഘവീക്ഷണവും അധഃസ്ഥിതർക്ക് വിഭവാധികാരം ഒരുക്കിക്കൊടുക്കുന്നതിൽ നടത്തിയ ശ്രമങ്ങളുടെ മഹത്ത്വവും വ്യക്തമാവുക. പ്രമുഖ സാമ്പത്തിക ചിന്തകനായ ഡോ.എം.കുഞ്ഞാമൻ, ഇന്ത്യയിലെ ദളിത് ജനങ്ങളുടെ പിന്നോക്കാവസ്ഥയെ വിലയിരുത്തിയിട്ടുള്ളത് നോക്കുക 'നിർധനരായ സാമൂഹിക വിഭാഗങ്ങൾക്ക് സ്വത്തുടമസ്ഥതയും (ownership) സംരംഭകത്വവും (entrepreneurship) പാണ്ഡ്യത്യവുമാണ് (scolarship) ആവശ്യം. ഇവ പ്രായോഗികമാക്കാൻ പരിശ്രമിക്കണം. എന്നാൽ ഈ മൂന്ന് അടിസ്ഥാനങ്ങളിൽ നിന്ന് അടിച്ചമർത്തപ്പെടുന്ന വിഭാഗങ്ങൾ മാറ്റിനിർത്തപ്പെടുകയാണ്. സമ്പത്ത് നിയന്ത്രിക്കുന്നവരാണ് വിജ്ഞാനം നിയന്ത്രിക്കുന്നത്. വിജ്ഞാനവും സമ്പത്തും നിയന്ത്രിക്കുന്നവരാണ് അധികാരം കൈയാളുന്നത്. വിജ്ഞാനം, സമ്പത്ത്, അധികാരം എന്നീ ഘടകങ്ങളിൽ നിന്ന് അന്യവൽക്കരിക്കപ്പെട്ട വിഭാഗങ്ങളാണ് ഇന്ത്യയിൽ കൂടുതലും24 എന്ന നിരീക്ഷണം ഏറെ പ്രസക്തമാണ്.

## സൂക്ഷ്മമായ ഇടപെടലുകൾ

മധ്യതിരുവിതാംകൂറിൽ പൊയ്കയിൽ യോഹന്നാന്റെ നേതൃത്വത്തിൽ അധഃസ്ഥിതരെ നവമായൊരു ജീവിതക്രമത്തിലേക്കു വഴി നടത്തുമ്പോൾ, തിരുവിതാംകൂറിൽ അയ്യൻകാളിയുടെ നേതൃത്വത്തിൽ അവകാശങ്ങൾക്കുവേണ്ടിയുള്ള സമരങ്ങൾ അരങ്ങേറുകയായിരുന്നു. വിദ്യാഭ്യാസത്തിനും സഞ്ചാരസ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള ഐതിഹാസികസമരങ്ങളായിരുന്നു അയ്യൻകാളിയുടെ നേതൃത്വത്തിൽ അധഃസ്ഥിതർ നടത്തിയത്. അധികൃതർക്ക് ഒടുവിൽ അവരുടെ അവകാശങ്ങൾ അംഗീകരിച്ചു കൊടുക്കേണ്ടി വന്നു. സർക്കാർ സർവ്വീസിൽ അധഃസ്ഥിതവർഗ്ഗക്കാർക്ക് പ്രവേശനം കിട്ടുന്നതിനും അവരുടെ പ്രതിനിധികളെ നിയമസഭയിലേക്ക് നാമനിർദ്ദേശം ചെയ്യുന്നതിനും അയ്യൻകാളി വീറോടെ വാദിച്ചു. നിയമനിർമ്മാണസഭകളിൽ അധഃസ്ഥിതജനതയ്ക്ക് പ്രാതിനിധ്യം നൽകുവാൻ ഒടുവിൽ സർക്കാർ തീരുമാനിച്ചു. 1921-ൽ പൊയ്കയിൽ യോഹന്നാനെ ശ്രീമൂലം പ്രജാസഭയിൽ അംഗമായി നിയമിച്ചു. അധഃസ്ഥിതരുടെ അവകാശപോരാട്ടങ്ങളിലെ ഒരു നാഴികക്കല്ലായിരുന്നു ഈ അധികാരലബ്ധിയെന്നു പറയാം. അധഃസ്ഥിത വർഗ്ഗങ്ങളുടെ മുഴുവൻ വക്താവായി നിയമസഭയിൽ ശോഭിക്കുവാൻ പൊയ്കയിൽ യോഹന്നാനു കഴിഞ്ഞു. അവരുടെ ക്ഷേമത്തിനുവേണ്ടി അദ്ദേഹം നിയമസഭയിൽ നടത്തിയ നാലുപ്രസംഗങ്ങൾ ദളിതരുടെ സാമ്പത്തിക പരാധീനത പരിഹരിക്കുന്നതിൽ ഭരണകൂടത്തിന്റെ ഇടപെടൽ ആവശ്യപ്പെടുന്നതായിരുന്നു 1931 മാർച്ച് 3 ന് നടത്തിയ പ്രസംഗത്തിൽ 'വളക്കൂറുള്ളതും കൃഷിക്കുപയുക്തവുമായ സ്ഥലങ്ങളെല്ലാം സവർണ്ണവിഭാഗങ്ങൾ സ്വന്തമാക്കിയിരിക്കുകയാണ്. ഉപയോഗശൂന്യമായ ഭൂമി മാത്രമാണ് അധഃകൃതവർഗ്ഗങ്ങൾക്ക് നീക്കിവെച്ചിട്ടുള്ളത്. അതുകൊണ്ട് അധഃസ്ഥിതർക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിനായി പരിചയസമ്പന്നരായ റവന്യൂ ഉദ്യോഗസ്ഥരെ ഓരോ ജില്ലയിലും നിയമിക്കണമെന്നും, അതുപോലെ അധഃകൃതരെ സർക്കാർ ജോലിയിൽ നിയമിക്കുന്നതിന് പ്രായപരിധിയിൽ നിന്നൊഴിവാക്കണമെന്നും പൊയ്കയിൽ യോഹന്നാൻ ആവശ്യപ്പെടുകയുണ്ടായി. ക്രിസ്തുമതത്തിൽ ചേർന്ന ദളിതർ നേരിടുന്ന പീഡിതാവസ്ഥ പൊതുശ്രദ്ധയിൽ കൊണ്ടുവരുന്നതിനും നിയമസഭാംഗം എന്ന നിലയിൽ യോഹന്നാൻ ശ്രദ്ധ ചെലുത്തി. അദ്ധ്യാത്മിക രക്ഷയ്ക്കുള്ള മാർഗ്ഗമെന്ന ധാരണയോടുകൂടി പറയർ, പുലയർ മുതലായ ധാരാളം ആളുകൾ ക്രിസ്തുമതം സ്വീകരിച്ചു. എന്നാൽ ക്രിസ്ത്യാനികളായ സകലരും ഏകസമുദായമായി എന്നു ധരിച്ചിരുന്നത് തെറ്റായിപ്പോയി. ഏതെല്ലാം ജാതിയിൽ നിന്നും അവർ മതപരിവർത്തനം നടത്തിയോ അതേ ജാതികളായിത്തന്നെ, മിശ്രവിവാഹമോ മിശ്രഭോജനമോ കൂടാതെ വേർതിരിക്കപ്പെട്ടു. ഗവൺമെന്റ് ആനുകൂല്യങ്ങൾ അനുവദിക്കുമ്പോൾ ഇവരെ എല്ലാവരേയും ഒരേ കാഴ്ചപ്പാടിൽ വീക്ഷിക്കരുത്. സമുദായത്തിന്റെ അടിത്തട്ടിൽ കിടക്കുന്നവർക്ക് പ്രത്യേകസഹായവും പ്രോത്സാഹനവും ആവശ്യമാണ്. എന്റെ സമുദായം മറ്റ് സമുദായങ്ങളെ അപേക്ഷിച്ച് തുലോം പിന്നോക്കാവസ്ഥയിലാണ്. അതുകൊണ്ട് ഞങ്ങൾ സർക്കാരിന്റെ പ്രത്യേകമായ ആനുകൂല്യങ്ങൾക്ക് അർഹരാണ്. ഞങ്ങൾ ഈ നാടിനെ ഫലഭൂയിഷ്ഠമാക്കിയ പുരാതനവർഗ്ഗത്തിൽപ്പെട്ടവരാണ്. ഒരു കാലത്ത് ഞങ്ങൾ ഇവിടുത്തെ അടിമകളായി അത് നിമിത്തം ഭൂമിയുടെ ഗുണം മനസ്സിലാക്കാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. ഇപ്പോൾ സ്വപരിശ്രമത്തിൽ ഭൂമി സ്വന്തമാക്കുകയാണ്. എന്നാൽ ഞങ്ങൾ ഇന്ന് ധനികരും സ്വാധീനശക്തിയുമുള്ള മറ്റ് ആളുകളുടെ ഭീഷണിക്ക് വിധേയരായി ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അടിച്ചമർത്തപ്പെട്ടിരിക്കുകയാണ്. ഭൂമി വാങ്ങുന്നതിനോ ലേലത്തിൽ പിടിക്കുന്നതിനോ ഞങ്ങളെ മറ്റുള്ളവർ തടസ്സപ്പെടുത്തുകയും ചെയ്യുന്നു'. എന്നിങ്ങനെ സയുക്തികം അധഃസ്ഥിതജനതയുടെ അവകാശങ്ങൾക്കുവേണ്ടി വീറോടെ വാദിച്ചുകൊണ്ടുള്ള യോഹന്നാന്റെ നിയമസഭാ പ്രസംഗത്തിന്റെ ഒരു ഭാഗമാണിത്. എത്ര ആർജ്ജവത്തോടെയാണ് ദളിതരുടെ സമഗ്രമായ സ്വാതന്ത്ര്യത്തിനായി പൊയ്കയിൽ യോഹന്നാൻ തന്റെ വാക്കും പ്രവൃത്തിയും വിനിയോഗിച്ചത് എന്ന് ഇത് വ്യക്തമാക്കുന്നു.

സമൂഹത്തിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെയുള്ള പോരാട്ടത്തിലും പ്രത്യക്ഷരക്ഷാദൈവസഭ കർശനമായ നിലപാടെടുത്തു. സഭയിൽ അംഗങ്ങളായി ചേർന്ന വിവിധ ജാതിവിഭാഗങ്ങൾക്ക് അവരുടേതായ ആചാരങ്ങളുണ്ടായുരുന്നു. മന്ത്രവാദത്തിലും പിശാചുസേവയിലും വിശ്വസിച്ചിരുന്നവരെ അതിൽ നിന്നു മോചിപ്പിച്ചു. അന്ധവിശ്വാസത്തെ എതിർക്കുന്നതോടൊപ്പം അനാചാരങ്ങളെ ഉന്മൂലനം ചെയ്യുന്നതിലും അദ്ദേഹം ശ്രദ്ധചെലുത്തി. വിവാഹസംബന്ധമായ ഇടപാടിൽ 'കാണം' എന്നൊരേർപ്പാട് ഉണ്ടായിരുന്നു. പെണ്ണിനെ വില കൊടുത്തു വാങ്ങിക്കുന്ന ഏർപ്പാടാണിത്. വരൻ, വധുവിന്റെ പിതാവിനും മാതുലനും മച്ചുനനും മറ്റും നൽകുന്ന പണക്കിഴിയാണ് 'കാണം' എന്നു പറഞ്ഞുവന്നിരുന്നത്. സഭയിൽപ്പെട്ടവർക്കിടയിൽ ജാതി നോക്കാതെയുള്ള വിവാഹമാണ് അദ്ദേഹം പ്രോത്സാഹിപ്പിച്ചത്. ജാതിരഹിതമായ മാതൃകാസമൂഹം കെട്ടിപ്പടുക്കാനാണ് ശ്രീനാരായണഗുരുവിനെപ്പോലെ പൊയ്കയിൽ യോഹന്നാനും അഭിലഷിച്ചത് എന്ന് വ്യക്തം.

അടിമവർഗ്ഗങ്ങൾ യുഗങ്ങളായി അനുഭവിച്ചുവരുന്ന അടിമത്തത്തിൽ നിന്ന് മോചിപ്പിക്കുന്നതിന് പൊയ്കയിൽ യോഹന്നാൻ നടപ്പാക്കിയ കർമ്മപദ്ധതികളെക്കുറിച്ചാണ് ഇരുവരെ വിവരിച്ചത്. ഇന്ത്യയിലാദ്യമായി ജാതിരഹിതസമൂഹം കെട്ടിപ്പടുക്കുന്നതിന് ദളിത് ജനവിഭാഗത്തിൽ നിന്നുയർന്നുവന്ന നേതാവാണ് അദ്ദേഹമെന്നു പറയാം. 'അധിനിവേശ ആധുനികതയും ക്രൈസ്തവമിഷനറി പ്രവർത്തനങ്ങളും സാധ്യമാക്കിയ സന്ദിഗ്ധവും സമ്മിശ്രവുമായ സന്ദർഭങ്ങളിലാണ് ശ്രീകുമാരഗുരുദേവൻ എന്നു പ്രശസ്തനായ പൊയ്കയിൽ അപ്പച്ചൻ മധ്യതിരുവിതാംകൂറിൽ ഉയർന്നുവന്നതും അനിഷേധ്യമായ തന്റെ കീഴാളഭാഷണവും ഗറില്ലാപ്രവർത്തനങ്ങളും ജാതിജന്മത്തത്തിനും ക്രൈസ്തവവരേണ്യതയ്ക്കും ബ്രിട്ടീഷ്കൊളോണിയലിസത്തിനുമെതിരെ അഴിച്ചുവിട്ടതും. ഹിന്ദുമതത്തെയും ക്രൈസ്തവമതത്തെയും ഒരേപോലെ അഴുകിപ്പിച്ച ബ്രാഹ്മണമൂല്യങ്ങളെയും സവർണവരേണ്യവാദത്തെയും അദ്ദേഹം തന്റെ പാട്ടുകളിലും സഞ്ചാരപ്രസംഗങ്ങളിലും നിശിതമായി വിചാരണ ചെയ്തു. നിരക്ഷരരായ ദലിത്ജനതകളെ ഉപജാതിവിഭജനങ്ങളെ മറികടന്നുകൊണ്ട് മധ്യതിരുവിതാംകൂറിൽ ആദ്യമായി ആത്മീയമായും സാംസ്കാരികമായും രാഷ്ട്രീയമായും ഒരുമിപ്പിച്ചത് അപ്പച്ചനാണ്'21. ലക്ഷക്കണക്കിന് സാധാരണക്കാരുടെ ആരാധ്യപുരുഷനായിരുന്ന പൊയ്കയിൽ യോഹന്നാൻ 1939 ജൂലായ് 2 ന് അന്തരിച്ചു. അധഃസ്ഥിതവർഗ്ഗത്തിന് ഒരു രക്ഷകനെയും നേതാവിനെയാണ് നഷ്ടമായത്. സ്വന്തം ചരിത്രം മായിക്കപ്പെട്ട അവസ്ഥയിലായിരുന്ന ആദിമജനതയെ സമുദ്ധരിക്കുന്നതിന് കർമ്മധീരമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച അദ്ദേഹത്തെ മരണാനന്തരം ശ്രീകുമാരഗുരുദേവൻ എന്ന് ആദരപൂർവ്വം സ്മരിക്കുന്നു. പ്രത്യക്ഷരക്ഷാദൈവസഭയുടെ വിശ്വാസമനുസരിച്ച് അടിമവേഷത്തിലവതരിച്ച രക്ഷകനും ദൈവവുമാണ് കുമാരഗുരുദേവൻ. അദ്ദേഹത്തിന്റെ കർമ്മമണ്ഡലം സമൂഹത്തിലെ ബഹിഷ്കൃതരായ അടിമജാതികളായിരുന്നു. അദ്ദേഹം ആവിഷ്കരിച്ച വിമോചന പ്രസ്ഥാനത്തിന് പില്ക്കാലത്ത് തുടർച്ചകളുണ്ടായില്ല എങ്കിലും ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്വത്വവും കർത്തൃത്വവുമുള്ള ഒരു ജനതായി കേരളത്തിൽ ദളിതർ പുരോഗമിക്കാൻ കാരണം പൊയ്കയിൽ അപ്പച്ചന്റെ നവോത്ഥാന പരിശ്രമങ്ങളാണെന്നു പറയാം.

## വിമോചനഗാനങ്ങൾ

പൊയ്കയിൽ യോഹന്നാൻ എന്ന അടിമകളുടെ വിമോചകന്റെ ചിന്തകളും പ്രത്യയശാസ്ത്രബോധ്യങ്ങളും പോരാട്ടവീര്യവുമെല്ലാം മനസ്സിലാക്കാനുള്ള വിലപ്പെട്ട ഉപാദാനങ്ങളാണ് അദ്ദേഹം രചിച്ചിട്ടുള്ള പാട്ടുകൾ. അത്രമേൽ ദളിത് സ്വത്വബോധം നിഴലിക്കുന്ന അവ ഒരർത്ഥത്തിൽ മികച്ച ദളിത് സാഹിത്യമാതൃകകളാണെന്ന് പറയാം. അദ്ദേഹം കവിതയെഴുതാൻ വേണ്ടി കവിതയെഴുതിയതല്ല അടിമജനതയോടു സംവദിക്കാൻ, അവരിൽ ചരിത്രബോധം വളർത്താൻ എഴുതിയ പാട്ടുകളിൽ ഒരുപക്ഷേ ഒരു വ്യവഹാരത്തിലും അന്നുവരെ ആവിഷ്ക്കരിക്കപ്പെടാതെപോയ ജീവിതം എഴുതിവെച്ചു

എന്നു പറയാം. മലയാള കവിതയിലെ നവോത്ഥാന ആധുനികതയോ, ആധുനികതാവാദമോ (Modernism) പ്രതിനിധീകരിക്കുകയോ പ്രതിഫലിപ്പിക്കുകയോ ചെയ്തിട്ടില്ലാത്ത വേറിട്ട ഭാവുകത്വമാണ് പൊയ്കയിൽ അപ്പച്ചന്റെ കവിതകളിൽ അഥവാ പാട്ടുകളിൽ കാണാൻ കഴിയുന്നത്. തന്റെ വിമോചന പോരാട്ടങ്ങളിൽ ഒരു സംവാദരൂപമെന്ന നിലയിലാണ് അപ്പച്ചൻ തന്റെ കവിതകൾ പ്രയോജനപ്പെടുത്തിയത്. അവ കവിതകളെന്നറിയാതെഴുതിയ കവിതകളായിരുന്നു.

ഒരു പ്രത്യേക ദൗത്യത്തിനായി കവിതയെ ഉപയോഗിച്ചതിന്റെ അപൂർവദൃഷ്ടാന്തമാണ് പൊയ്കയിൽ അപ്പച്ചന്റെ കവിതകൾ. കവിതയെന്ന നിലയിൽ അവ സാഹിത്യചരിത്രങ്ങളിൽ സ്ഥാനപ്പെടുകയോ അർഹമായ പരിഗണന ലഭിക്കുകയോ ഉണ്ടായില്ല. 1990 കളിൽ നടന്ന വിപുലമായ ദളിത് അന്വേഷണങ്ങളിൽ നിന്നാണ് അപ്പച്ചന്റെ കവിതകൾ കണ്ടെത്തുന്നത്. അവ മുന്നോട്ടുവയ്ക്കുന്ന ഭാവുകത്വം മലയാളകവിത നാളിതുവരെ ദർശിച്ചിട്ടുള്ളതല്ല എന്നത് ശ്രദ്ധേയമാണ്. കേരളത്തിലെ നവോത്ഥാന ആധുനികത പൊതുബോധനിർമ്മിതിയിൽ ക്രിയാത്മകമായി ഇടപെട്ടത് കവിത എന്ന മാധ്യമത്തിലൂടെയായിരുന്നു. എന്നാൽ സ്ഥലസങ്കല്പത്തിലും ആഖ്യാനത്തിലും സ്നേഹം, സ്വാതന്ത്ര്യം ഇവയെക്കുറിച്ചുള്ള ആശയങ്ങളിലുമെല്ലാം കൊളോണിയൽ ആധുനികതയുടെ മൂല്യങ്ങൾ അവതരിപ്പിക്കാനാണ് പ്രമുഖ കവികൾ ശ്രമിച്ചത്. നവോത്ഥാന ആധുനിക കവിത ഒരു പരിധി വരെ കീഴാളവിരുദ്ധവുമായിരുന്നു. എന്നാൽ സ്ഥലസങ്കല്പം, ആഖ്യാനം, കീഴാളത, ചരിത്രബോധം എന്നിവയിൽ കവിതയുടെ പൊതുധാരയിൽ നിന്ന് മാറി നിൽക്കുന്നവയാണ് അപ്പച്ചന്റെ കവിതകൾ. കീഴാളരുടെ ആവാസസ്ഥലങ്ങൾ, അടിമജീവിത അനുഭവങ്ങൾ അനാഥമാക്കപ്പെട്ട ചരിത്രം, ഭൂപ്രകൃതി, ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവയോടൊപ്പം ആധുനികമായ മൂല്യബോധത്തിലേക്കുള്ള അവരുടെ ഉണർച്ചയുടെ ചിത്രങ്ങളും അവയിൽ ദർശിക്കാം. കൊളോണിയൽ ആധുനികതയുടെ സൂക്ഷ്മവിമർശനം എന്ന നിലയിലും വായിക്കേണ്ടവയാണ് പൊയ്കയിൽ അപ്പച്ചന്റെ കവിതകൾ.

ജാതീയമായ വിവേചനത്തിനെതിരായ അധഃസ്ഥിത ജനതയുടെ ഗർജ്ജനങ്ങളാണ് പൊയ്കയിൽ അപ്പച്ചന്റെ പാട്ടുകൾ. പ്രതിഷേധത്തിന്റെ സാഹിത്യവും (Literature of Protest) പ്രത്യാക്രമണത്തിന്റെ (Literature of Revolt) സാഹിത്യവുമാണവയെന്നു പറയാം. ഇന്ത്യൻ ദളിത് സാഹിത്യത്തിൽ അവ ഒരു അനന്വയമായി നില കൊള്ളുന്നു. വിശാലമായ സാമൂഹിക രാഷ്ട്രീയ മുന്നേറ്റങ്ങളിൽ നിന്ന് രൂപം കൊണ്ട അവ വിലപ്പെട്ട ചരിത്രരേഖകളാണ്. ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിലെ കേരളത്തിലെ കീഴാളരുടെ സാമൂഹികസാമ്പത്തിക ജീവിതം അവയിൽ പ്രതിഫലിക്കുന്നു.

ചരിത്രത്തിൽ രേഖപ്പെടുത്താതെ പോയ തന്റെ വംശത്തെക്കുറിച്ച് പറയുന്ന അദ്ദേഹത്തിന്റെ പ്രസിദ്ധമായ ഒരു രചന നോക്കൂ.

കാണുന്നില്ലോരക്ഷരവും

എന്റെ വംശത്തെപ്പറ്റി

കാണുന്നുണ്ടനേകവംശത്തിൻ

ചരിത്രങ്ങൾ

പാരിടത്തിലുള്ള ചരിത്രങ്ങൾ

ഓരോന്നും പരിചിന്തനം

ചെയ്തീടുക രണ്ടുവംശത്തെ

കാണുന്നില്ലോരക്ഷരവും എന്റെ വംശത്തെപ്പറ്റി

എന്റെ വംശത്തിൻ കഥ

എഴുതിവെച്ചീടാൻ പണ്ടീ

ഉർവ്വിയിലാരുമില്ലാതെപോയല്ലോ
ഓർത്തീടുമ്പോൾ ഖേദമുള്ളിൽ
ആരംഭിക്കുന്നേ അവ
ചേർത്തിടട്ടേ സ്വന്തരാഗത്തിൽ
ചിലതെല്ലാം
കേരളത്തിൽ പണ്ടുപണ്ടേ
പാർത്തിരുന്നോരുജനം
പാരിടത്തിൽഹീനരായി
ഭവിച്ചോരുകഥ
നാണമില്ലെനിക്കു സ്വന്ത
ജാതികൾക്കുള്ള ബലഹീനതകൾ
ഓരോന്നും പറഞ്ഞീടുവാൻ
ഉർവ്വിയിൽ ശപിക്കപ്പെട്ട സന്തതിയെന്നു നിത്യൂ
സർവ്വരും പഴിച്ചീടുന്നു കൂസലില്ലാതെ
ഉർവ്വിയും ആകാശവും
അവസാനിക്കുവോളം നമ്മെ
സർവരാലും ഈ വിധം
പഴിച്ചീടുവാനായ്.
സർവ്വത്തേയും ആകൃതി
പ്പെടുത്തിയ ദൈവം ഇന്ന്
ഉർവ്വിയലനുവദി
ച്ചീടുവതെങ്ങനെ.

ചരിത്രമില്ലാത്ത ജനതയെ ചരിത്രസ്രഷ്ടാക്കളാക്കുന്നതിനും അടിമത്തത്തിൽ നിന്ന് വിമോചിപ്പിക്കുന്നതിനും ശക്തമായ ആയുധമായിത്തീർത്തത് ഇത്തരം പാട്ടുകളായിരുന്നു. വ്യവസ്ഥാപിത സാമൂഹിക സംഹിതകളെ തച്ചുടയ്ക്കാൻപോന്ന വീര്യമുണ്ടായിരുന്നു അവയ്ക്ക്. പ്രതിരോധത്തിന്റെയും സ്വത്വസ്ഥാപനത്തിന്റെയും നേർസാക്ഷ്യങ്ങളാണ് ഈ പാട്ടുകൾ. 'പൊയ്കയിൽ ശ്രീകുമാരഗുരുദേവന്റെ പാട്ടുകളിലൂടെ ഇതൾവിരിയുന്ന ഹതാശമായ അടിത്താനുഭവങ്ങൾ ചെന്നുതറയ്ക്കുന്നത് അടിമക്കൂട്ടങ്ങളുടെ ആത്മാവിലായിരുന്നു. ചരിത്രത്തെ സംബന്ധിച്ച ഈ ഓർമ്മകൾ ഒരു ജനതയുടെ ആത്മബോധമായി പരിണമിക്കുന്നതിലൂടെ സ്വയം നിർമ്മിതിയുടെ സാധ്യതകളാണ് ഓരോ അടിമയുടെ മുന്നിലും തുറക്കുന്നത്. ഇവിടെ ചരിത്രമെന്നത് പഴമ്പുരാണമല്ല. സമകാലീന യാഥാർത്ഥ്യങ്ങൾക്കു നടുവിൽ സ്വയം മെനഞ്ഞെടുക്കാനുള്ള ആത്മബോധത്തിന്റെ അഗാധമായ അടിസ്ഥാനമാണ്. ആധുനികമനുഷ്യന്റെ അതിജീവനത്തിന്റെ പ്രധാനപ്പെട്ട ആധാരങ്ങളിലൊന്ന് സ്വന്തം ചരിത്രത്തെ സംബന്ധിച്ച ധാരണകളാണെന്ന സൂക്ഷ്മബോധമാണ്. എന്റെ വംശത്തിന്റെ ചരിത്രമെഴുതിവെച്ചീടാൻ ആരുമില്ലാതെ പോയല്ലോ എന്ന വേദനാകരമായ ഖേദത്തിന് അടിസ്ഥാനമാകുന്നത്'26. കേരളത്തിലെ അധഃസ്ഥിതജനത അനുഭവിച്ചിരുന്ന അടിമത്തത്തിന്റെയും കിരാതമായ ജാതിഹിംസകളെയും ഓർമ്മകളായും അനുഭവങ്ങളായും തന്റെ പാട്ടുകളിലൂടെ അദ്ദേഹം ഉണർത്തിയെടുത്തു. ആദിമജനതയുടെ ചിതറിയ ചരിത്രമായിരുന്നു അവയിൽ പ്രതിഫലിച്ചത്.

'മാതാപിതാക്കൾക്കുവന്ന
ദുഃഖവാർത്തകൾ കേൾപ്പിൻ
എൻപ്രിയ സോദരരേ
അടിമവേലകൾ ചെയ്തു
ഇടയില്ലാതടിയേറ്റു
കഷ്ടപ്പെട്ടുവലഞ്ഞേ
താതനെ ഒരിടത്തും
മാതാവേ വേറൊരിടത്തും
കുട്ടികൾ അനാഥരായ്'

'അടിമവേലചെയ്ത് അടിയും മർദ്ദനവുമേറ്റ് വലഞ്ഞവരാണ് തങ്ങളുടെ പൂർവികർ. കാളകൾക്കും പോത്തുകൾക്കും ഇണയായ് കൂട്ടിക്കെട്ടി അവരെ നിലങ്ങളിൽ ഉഴുതിരുന്നു. അച്ഛനമ്മമാരെ കുട്ടികളിൽ നിന്നുവേർപെടുത്തി നമ്മുടെ പിതാക്കളെ വിറ്റ് അവർ വില വാങ്ങിച്ചു. കല്ലേറും അടികളും ഇടികളും ഏറെ കൊണ്ട് ദുഃഖിതരായ് വലഞ്ഞു മുൻപിതാക്കളെ ഇപ്പോൾ ഓർത്തീടുകിൽ സങ്കടം എങ്ങനെ സഹിച്ചീടും' എന്നാണ് മറ്റൊരു പാട്ടിൽ തന്റെ വംശത്തിന്റെ അടിമാനുഭവങ്ങൾ പൊയ്കയിൽ അപ്പച്ചൻ വിവരിക്കുന്നത്. ഇങ്ങനെ 'ചരിത്രത്തെ അദ്ദേഹം ഓർമ്മയായും പ്രതീകമായും വിമോചനാത്മകമായി അടിമവംശങ്ങൾക്കിടയിൽ വിന്യസിക്കുകയായിരുന്നു എന്ന് ഡോ.സനൽമോഹൻ നിരീക്ഷിക്കുന്നു.

'ഹിന്ദുമതത്തിൻ പുറവഴിയേ നമ്മൾ
ബന്ധമില്ലാതെ വലഞ്ഞലഞ്ഞു
ക്രിസ്തുമതത്തിൽ പുറവഴിയേ നമ്മൾ
അനാഥരെന്നപോൽ സഞ്ചരിച്ചു
ഹിന്ദുമതക്കാരും ചേർത്തില്ലല്ലോ നമ്മെ
ക്രിസ്തുമതക്കാരും ചേർത്തില്ലല്ലോ
ബുദ്ധിബോധങ്ങളെ ചൊല്ലിത്തരുവതി-
നാരും ഒരുവരുമില്ലിഹത്തിൽ
വിദ്യയില്ല ധനം ജ്ഞാനമില്ല
നമുക്കുദ്യോഗജോലികളൊന്നുമില്ല
വേലചെയ്താൽ നല്ല കൂലിയില്ലാ
നമുക്കഷ്ടി കഴിപ്പതിനൊന്നുമില്ല
അക്ഷീണപരിശ്രമം കൊണ്ട് നമുക്കൊരു
കെട്ടിടം തത്ക്ഷണം തീർക്കേണമേ
ആക്ഷേപങ്ങളെല്ലാം തീർക്കേണമേ
നമുക്കാനന്ദമായൊന്നു വാഴേണമേ
വെള്ളപ്പടപ്പോലെ കുന്നിൻമുകളി-
ലങ്ങോളമടിക്കുന്നതെന്നു കാണാ-

നാനാദേശത്തുനിന്നും വെള്ളമൊഴുകുംപോൽ'

***

'ദുഃഖങ്ങളോരോന്നും ഓർക്കുന്നു നമ്മുടെ
വർഗ്ഗങ്ങൾക്കുള്ളോരരിഷ്ടതഭൂതലേ
സ്വന്തവാസസ്ഥലമാകുമീ രാജ്യത്തിൽ
ഉണ്ടോ അവകാശം ഭൂമിയിൽ നമ്മൾക്ക്
പണ്ടേ സ്ഥിരമായ് വസിക്കുമീ രാജ്യത്തിൽ
ഉണ്ടോ ഒരുമിച്ചിരിക്കുന്നീ വർഗ്ഗങ്ങൾ
കണ്ടവർക്കധ്വാനം ഏറെ ചെയ്തീടിലും
മണ്ടാരെന്നു പഴിച്ചു തള്ളീടുന്നു
വേലകളേറെ ചെയ്തീടിലും നമ്മുടെ
അഷ്ടികഴിപ്പതിനില്ലല്ലോ നമ്മൾക്ക്
ബുദ്ധിമുട്ടേറെ സഹിക്കിലും നമ്മുടെ
കഷ്ടതയോർക്കുകിലെന്തുമാസങ്കടം
ബുദ്ധിബോധങ്ങളെ ചൊല്ലിത്തരുവതി-
നിദ്ധരതന്നിലൊരുത്തരുമില്ലല്ലോ'

ഇപ്രകാരമുള്ള പാട്ടുകളെല്ലാം ചരിത്രമില്ലാത്തവരുടെ ജ്ഞാനലോകത്തേക്കുള്ള സൂചനകളാണ്. ചരിത്രത്തോടും വർത്തമാനത്തോടും സംവദിക്കുന്ന ഈ പാട്ടുകളിലേത് മാനകഭാഷയാണെന്നതും ശ്രദ്ധിക്കേണ്ടതാണ്. പ്രതിഷേധത്തിന്റെയും പ്രത്യാക്രമണത്തിന്റെയും സ്വഭാവമുള്ള ഇവയെ ദളിത് സാഹിത്യത്തിന്റെ ഉദാത്തമാതൃകകളായി കാണാവുന്നതാണ്. വിശാലമായ സാമൂഹികരാഷ്ട്രീയ മുന്നേറ്റത്തിൽ നിന്ന് രൂപം കൊണ്ട ഈ പാട്ടുകൾ വിലപ്പെട്ട ചരിത്രരേഖകളാണ്. 'പ്രത്യക്ഷരക്ഷാദൈവസഭയുടെ പ്രവർത്തനങ്ങളുമായി, അതിൽത്തന്നെ പൊയ്കയിൽ അപ്പച്ചൻ നടത്തിയ സുപ്രധാനയോഗവുമായി ബന്ധപ്പെട്ടാണ് ഈ പാട്ടുകളുടെ ആവിർഭാവമെന്നും അതുകൊണ്ടുതന്നെ വ്യത്യസ്തപാളികളായി വിന്യസിക്കപ്പെട്ടതും അടിത്തട്ടിനെ കേന്ദ്രീകരിക്കുന്നതുമായ പി.ആർ.ഡി.എസ് ചരിത്രത്തിന്റെ സവിശേഷതലം ഇതിൽ പ്രതിഫലിക്കുന്നുണ്ടെന്നും ഈ പാട്ടുകൾ സമാഹരിച്ച് പ്രസിദ്ധപ്പെടുത്തിയ വി.വി.സ്വാമി, ഇ.വി.അനിൽ എന്നിവർ അഭിപ്രായപ്പെടുന്നു.

## Conclusion

സഞ്ചാരപ്രസംഗങ്ങൾ എന്നാണ് പൊയ്കയിൽ അപ്പച്ചൻ അധഃസ്ഥിതർക്കിടയിൽ നടത്തിയ വിമോചനദൈവശാസ്ത്രപ്രവർത്തനങ്ങളെ വിളിക്കുന്നത്. ഒരു സ്ഥലത്തുനിന്ന് മറ്റൊരിടത്തേക്ക് അനുയായികളുമായി നിരന്തരം സഞ്ചരിച്ചുകൊണ്ട് നടത്തുന്ന യോഗങ്ങളായതുകൊണ്ടാണ് അവയെ സഞ്ചാരപ്രസംഗങ്ങൾ എന്നുവിശേഷിപ്പിക്കുന്നത്. വഴിവക്കുകൾ, തെരുവുകൾ, ചന്തകൾ, ദലിത് അധിവാസകേന്ദ്രങ്ങൾ എന്നിവിടങ്ങളിലായിരുന്നു അപ്പച്ചൻ സുവിശേഷയോഗങ്ങൾ നടത്തിയിരുന്നത്. കാർഷിക അടിമത്തം, ദളിതരുടെ അന്യവൽക്കരണം, ജാതീയവും വംശീയവുമായ വിവേചനങ്ങൾ എന്നിവയെ നിരന്തരം അഭിമുഖീകരിച്ചുകൊണ്ട് അവയെ മറികടക്കാനും സ്വത്വവും കർത്തൃത്വവുമുള്ള ജനതയായി ദളിതരെ പരിവർത്തിപ്പിക്കുവാനുള്ള ഒരു സാമൂഹിക വിപ്ലവകാരിയുടെ വാക്കും വെളിച്ചവും അദ്ദേഹത്തിന്റെ പാട്ടുകൾ പ്രതിഫലിക്കുന്നു.

പൊയ്കയിൽ യോഹന്നാന്റെ കർമ്മമണ്ഡലത്തെക്കുറിച്ചുള്ള ഗവേഷണത്തിൽ നിന്നു ലഭിച്ച വിലപ്പെട്ട രേഖകളാണ് അടിമജനതയോടു സംവദിക്കാൻ അദ്ദേഹം ഉപയോഗിച്ച

പാട്ടുകൾ. വിമോചനത്തിന്റെ ഊർജ്ജം പ്രസരിപ്പിക്കുന്ന ആ വാക്കുകൾ ഇന്നും പ്രകമ്പനം സൃഷ്ടിക്കുന്നവയാണ്. ഔപചാരിക വിദ്യാഭ്യാസത്തിന്റെയോ പാണ്ഡിത്യത്തിന്റെയോ പിൻബലമില്ലാതെ, ജീവിതാനുഭവങ്ങളിൽ നിന്ന് അറിവുനേടി, സ്വന്തം പ്രയത്നം കൊണ്ട് എഴുതാനും വായിക്കാനും പഠിച്ച്, പ്രതികൂലമായ ജീവിതസാഹചര്യങ്ങളോട് ഏറ്റുമുട്ടി, പ്രഭാഷണചാതുരിയും യുക്തിവിശകലനപാടവവും കൊണ്ട്, അടിമജനതയുടെ രക്ഷകനായിത്തീർന്ന് ഈ മഹാപുരുഷൻ കേരളത്തിലെയെന്നല്ല ഇന്ത്യയിലെ തന്നെ എല്ലാ സാമൂഹികപരിഷ്കർത്താക്കളിൽ നിന്നും വിപ്ലവകാരികളിൽ നിന്നും വേറിട്ടു നിൽക്കുന്നു.

## Notes

1. **ചാന്നാർ ലഹള** - കേരളത്തിന്റെ നവോത്ഥാനമുന്നേറ്റങ്ങൾക്ക് ആരംഭം കുറിച്ച പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിലാണ് ചാന്നാർ ലഹളയെന്നും മേൽമുണ്ട് കലാപം എന്നും അറിയപ്പെടുന്ന കലാപം നടന്നത്. താഴ്ന്നജാതിയിൽപ്പെട്ട സ്ത്രീകൾക്ക് മാറുമറയ്ക്കാൻ അവകാശം ഉണ്ടായിരുന്നില്ല. എന്നാൽ ക്രിസ്തുമതം സ്വീകരിച്ചവർ, സവർണസ്ത്രീകൾ ധരിക്കുന്നതുപോലെ റൗക്കയും മേൽമുണ്ടും ധരിക്കണമെന്ന് മിഷനറിമാർ നിർദ്ദേശിച്ചു. സവർണസ്ത്രീകളെപ്പോലെ മേൽമുണ്ട് ധരിച്ച് ചന്തയിൽ വന്ന ചാന്നാർസ്ത്രീകളുടെ മേൽമുണ്ട് സവർണർ വലിച്ചുകീറി. 1822 ൽ കൽക്കുളത്തായിരുന്നു സംഭവം. മിഷനറിയായ റീഡ് ഇതിനെതിരെ കോടതിയെ സമീപിച്ചു. വിധി ചാന്നാർമാർക്ക് അനുകൂലമായിരുന്നു. 1828 ൽ വീണ്ടും കലാപം നടന്നു. ചാന്നാർ ജാതിയിൽപ്പെട്ട കുട്ടികളെ സ്കൂളിൽ നിന്ന് ഓടിക്കുകയും സ്ത്രീകളുടെ ജാക്കറ്റ് വലിച്ചുകീറുകയും ചെയ്തു. ഇതേത്തുടർന്ന് ലഹളകൾ പൊട്ടിപ്പുറപ്പെട്ടു. ലഹള അടിച്ചമർത്തുവാൻ പട്ടാളം ഇറങ്ങേണ്ടിവന്നു. ക്രിസ്ത്യൻ ചാന്നാർ സ്ത്രീകൾക്ക് കുപ്പായമിടാം മേൽമുണ്ടുപാടില്ല എന്ന് സർക്കാർ ഉത്തരവിറക്കി. 1855-ൽ മേൽമുണ്ടു ധരിക്കാനുള്ള അവകാശത്തിനുവേണ്ടി മദിരാശി ഗവൺമെന്റിന് അപ്പീൽ നൽകിയെങ്കിലും ഫലമുണ്ടായില്ല. കുപ്പായത്തിനുമീതെ മേൽമുണ്ടുധരിച്ചെത്തിയ സ്ത്രീകളെ നെയ്യാറ്റിൻകര ചന്തയിൽ വെച്ച് സവർണർ ആക്രമിച്ചു. തുടർന്ന് ലഹള പൊട്ടിപുറപ്പെട്ടു. 1859 ജൂലായ് 26 ന് ഉത്രം തിരുനാൾ രാജാവ് ഇതേപ്പറ്റി വിളംബരം പ്രസിദ്ധപ്പെടുത്തി. അതനുസരിച്ച് ഹിന്ദുക്കളായ ചാന്നാർ സ്ത്രീകൾക്കും ജാക്കറ്റ് ആവാമെന്നും എന്നാൽ സവർണ്ണരുടെ രീതിയിൽ നിന്ന് അതു ഭിന്നമായിരിക്കുമെന്നും വ്യവസ്ഥ വന്നു. കൂടാതെ എല്ലാ ചാന്നാർ സ്ത്രീകൾക്കും മുക്കുവത്തികളെപ്പോലെ മേൽമുണ്ടാവാമെന്നും വ്യവസ്ഥ വന്നു.

2. കേരളത്തിൽ അടിമസമ്പ്രദായം നിലനിന്നിരുന്നു. അടിമകൾക്ക് ഏർപ്പെടുത്തിയിരുന്ന പല നികുതികളെക്കുറിച്ചും ചരിത്രത്തിൽ പരാമർശമുണ്ട്. 1812-ൽ തിരുവിതാംകൂറിൽ റാണിഗൗരിലക്ഷ്മിഭായി അടിമ വ്യാപാരം നിർത്തലാക്കി. 1847-60 കാലത്ത്, ഉത്രം തിരുനാൾ മാർത്തണ്ഡവർമ്മ, സർക്കാരിന്റെ കീഴിലുള്ള അടിമകൾക്കുണ്ടാകുന്ന കുട്ടികൾക്ക് മോചനം നൽകാൻ നിയമം ഉണ്ടാക്കി. 1821-ൽ കൊച്ചിയിൽ, അടിമകളെ യജമാന്മാർ ദണ്ഡിക്കുന്നതു നിരോധിച്ചു. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യം തിരുവിതാംകൂർ സർക്കാരിന് 15000 അടിമകൾ ഉണ്ടായിരുന്നു എന്ന് രേഖകൾ പറയുന്നു. ചങ്ങനാശ്ശേരി ചന്തയിൽ ദിവസവും 6 രൂപ മുതൽ 8 രൂപ വരെ വിലയ്ക്ക് കുട്ടികളെ വിറ്റിരുന്നതായി ഹെന്റി ബേക്കർ രേഖപ്പെടുത്തുന്നു. കോട്ടയത്തെ തിരുനക്കര, ആലപ്പുഴ, കൊല്ലം, കായംകുളം, ആറ്റിങ്ങൽ, ചിറയിൻകീഴ്, കണിയാപുരം, പേട്ട, കോവളം എന്നിവ പ്രസിദ്ധമായ അടിക്കമ്പോളങ്ങളായിരുന്നു. ആൺഅടിമകളുടെ പേരിൽ നൽകേണ്ടിയിരുന്ന നികുതിയാണ് 'തലൈവില', പെൺഅടിമകളുടെ നികുതിയാണ് 'മുലൈവില'.

3. **അരുവിപ്പുറം പ്രതിഷ്ഠ** - കേരളത്തിന്റെ സാമൂഹിക ചരിത്രം മാറ്റിയെഴുതിയ ഒരു മഹാസംഭവമായി വിലയിരുത്തപ്പെടുന്നു. കേരളത്തിന്റെ നവോത്ഥാന നായകനായ ശ്രീനാരായണഗുരു അരുവിപ്പുറത്തെ തപസ്സിൽ നിന്നുണർന്ന്, സാമൂഹിക നവീകരണ പ്രസ്ഥാനത്തിലേക്ക് രംഗപ്രവേശം ചെയ്തതിന്റെ ആരംഭമുഹൂർത്തമായും ഇതിനെ കാണാം.

1888 ലെ ശിവരാത്രി ദിവസമായിരുന്നു ബ്രാഹ്മണ്യത്തെ വെല്ലുവിളിച്ചുകൊണ്ട് അവർണനായ ശ്രീനാരായണഗുരു ക്ഷേത്രപ്രതിഷ്ഠ നടത്തിയത്. അവർണർക്ക് ക്ഷേത്ര പ്രവേശനത്തിനും ആരാധനയ്ക്കും സ്വാതന്ത്ര്യമില്ലാതിരുന്ന കാലത്ത് ഗുരു നടത്തിയ ഇടപെടൽ നവോത്ഥാനത്തിന് നാന്ദിയായിത്തീർന്നു. അവർണൻ ക്ഷേത്രപ്രതിഷ്ഠ നടത്തിയതിനെ ചോദ്യം ചെയ്ത ബ്രാഹ്മണരോട് 'നാം ഈഴവശിവനെയാണല്ലോ പ്രതിഷ്ഠിച്ചത്' എന്നായിരുന്നു മറുപടി. ബ്രാഹ്മണ്യത്തിന്റെ അടിത്തറ തകർത്ത ഒന്നായിരുന്നു അത്.

4. **ചട്ടമ്പിസ്വാമികൾ** (1853-1924) - കേരള നവോത്ഥാനത്തിന് ആത്മീയ ഊർജ്ജം പകർന്ന ആചാര്യനും, നായർ സമുദായത്തിന്റെ നവോത്ഥാനശില്പിയുമായിരുന്നു. സംസ്കൃതം, വൈദ്യം, സംഗീതം, ഹഠയോഗം, തത്ത്വശാസ്ത്രം, വേദങ്ങൾ എന്നിവയിൽ അഗാധപാണ്ഡിത്യം നേടി. മരുത്വാമലയിൽ തപസ്സു ചെയ്തു. യോഗാഭ്യാസം ശീലിച്ചു. അദ്ദേഹത്തിന് ജാതി പരിഗണനയേ ഉണ്ടായിരുന്നില്ല. ശ്രീനാരായണഗുരുവിന്റെ ജീവിതത്തിൽ വഴിത്തിരിവായിത്തീർന്നത് ചട്ടമ്പിസ്വാമികളുമായുണ്ടായ സൗഹൃദമാണ്. ഗുരുവിന് ചട്ടമ്പിസ്വാമികൾ ആരാധ്യപുരുഷനായിരുന്നു. സ്വാമിവിവേകാനന്ദനുമായി പരിചയപ്പെട്ടിട്ടുണ്ട്. വേദാധികാരനിരൂപണം, സർവമതസാരസ്യം, പ്രാചീന മലയാളം, അദ്വൈതചിന്താപദ്ധതി എന്നീ കൃതികൾ രചിച്ചു.

5. **അയ്യൻകാളി** (1863-1941) - കേരളത്തില ഏറ്റവും വലിയ ദളിത് നവോത്ഥാനനായകനും ദളിതരുടെ അവകാശപ്പോരാട്ടത്തിലെ മുന്നണിപ്പോരാളിയുമായിരുന്നു. തിരുവനന്തപുരം വെങ്ങാനൂരിൽ ജനിച്ചു. അയ്യൻകാളിക്ക് എഴുത്ത് പഠിക്കാൻ സാഹചര്യമുണ്ടായില്ല. ശ്രീനാരായണഗുരു നേതൃത്വം നൽകിയ സമുദായനവീകരണ പ്രസ്ഥാനത്തിൽ ആകൃഷ്ടനായി. കൂലിക്കൂടുതൽ, സഞ്ചാരസ്വാതന്ത്ര്യം, വിദ്യാഭ്യാസസ്വാതന്ത്ര്യം എന്നിവയ്ക്കുവേണ്ടി അധഃസ്ഥിതരായ കർഷകത്തൊഴിലാളികളുടെ പണിമുടക്ക് സംഘടിപ്പിച്ചു. 1898-ൽ ദളിതർക്ക് സഞ്ചാരസ്വാതന്ത്ര്യം നിരോധിക്കപ്പെട്ടിരുന്ന വഴിയിലൂടെ സംഘബലത്തോടെ നടന്നതിന്റെ പേരിൽ ആറാലുംമൂട് ചന്തയിൽ വെച്ച് സംഘട്ടനമുണ്ടായി. 1907-ൽ സാധുജനപരിപാലനസംഘം സ്ഥാപിച്ചു. കല്ലുമാലകൾ പൊട്ടിച്ചെറിയാൻ ആഹ്വാനം നൽകി. നാരായണഗുരുവിന്റെ പ്രവർത്തനങ്ങൾ അയ്യൻകാളിക്ക് ആവേശം നൽകിയിട്ടുണ്ട്. 1914-ൽ ശ്രീമൂലം പ്രജാസഭയിൽ അംഗമായി. ദളിത് കുട്ടികൾക്ക് ഫീസിളവും സ്റ്റൈപ്പെന്റും നേടിക്കൊടുത്തു. 1937-ൽ ഗാന്ധിജിയുമായി കൂടിക്കാഴ്ച നടത്തി. 1941 ജൂൺ 18 ന് അന്തരിച്ചു.

6. **വൈകുണ്ഠസ്വാമികൾ** (1809-1851) - അധഃസ്ഥിതജനതയുടെ വിമോചനത്തിനുവേണ്ടി പ്രവർത്തിച്ച ആദ്യത്തെ സാമൂഹികപരിഷ്ക്കർത്താവ് വൈകുണ്ഠസ്വാമികളാണ് എന്നു പറയാം. 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കന്യാകുമാരി കേന്ദ്രീകരിച്ചായിരുന്നു ഇദ്ദേഹത്തിന്റെ പ്രവർത്തനം. ഹിന്ദുമതത്തിലെ യാഥാസ്ഥിതികത്വത്തെയും ക്രിസ്ത്യൻ മിഷനറിമാരുടെ മതപരിവർത്തനശ്രമങ്ങളെയും ഒരുപോലെ എതിർത്തു. ഏകദൈവാധിഷ്ഠിതമായ 'അയ്യാവഴി' എന്ന മതം സ്ഥാപിച്ചു. 1836 ൽ ശുചീന്ദ്രത്ത് സ്വാമിത്തോപ്പിൽ വെച്ച് സമത്വസമാജമെന്ന സംഘടന സ്ഥാപിച്ചു. അദ്ദേഹം നടത്തിയിട്ടുള്ള 'കണ്ണാടി പ്രതിഷ്ഠയും' ജാതിഒന്ന് മതംഒന്ന് കുലംഒന്ന് ലോകംഒന്ന് എന്ന സന്ദേശവും ശ്രീനാരായണഗുരുവിനെയും സ്വാധീനിച്ചിട്ടുണ്ട്. ചട്ടമ്പിസ്വാമികളുടെയും ശ്രീനാരായണ ഗുരുവിന്റെയും ഗുരുവായിരുന്ന തൈക്കാട് അയ്യാവ് വൈകുണ്ഠസ്വാമികളുടെ ശിഷ്യനാണ്.

7. **വാഗ്ഭടാനന്ദൻ** (1885-1939) - ആത്മവിദ്യാസംഘത്തിന്റെ സ്ഥാപകൻ 1885 ൽ പാട്യത്ത് ജനിച്ചു. യഥാർത്ഥ പേര് കുഞ്ഞിക്കണ്ണൻ. ആലത്തൂർ ബ്രഹ്മാനന്ദശിവയോഗിയുടെ ശിഷ്യനായി. ജാതിക്ക് എതിരായി പ്രവർത്തിച്ചു. 1917 ൽ ആത്മവിദ്യാസംഘം സ്ഥാപിച്ചു. വിഗ്രഹാരാധനയ്ക്ക് എതിരായിരുന്നു.

8. **വക്കംഅബ്ദുൾഖാദർ മൗലവി** (1873-1932) - കേരളനവോത്ഥാനത്തിന് ആശയപരമായ അടിത്തറയൊരുക്കിയ 'സ്വദേശാഭിമാനി' പത്രത്തിന്റെ സ്ഥാപകനും സാമൂഹ്യ പരിഷ്ക്കർത്താവുമായിരുന്നു. ഇസ്ലാം ധർമ്മപരിപാലനസംഘം, ജമാഅത്തുൽഇർഷാദ്

എന്നിവ സ്ഥാപിച്ചു. തിരുവിതാംകൂറിലെ മുസ്ലീംമഹാജനസഭ നേതാവായിരുന്നു. ശ്രീനാരായണഗുരുവിന്റെ സുഹൃത്തായിരുന്നു.

9. **കുമാരനാശാൻ** (1873-1924) - കേരള നവോത്ഥാനചരിത്രത്തിലെ നിർണ്ണായകമായ മുഹൂർത്തങ്ങളിലൊന്നാണ് നാരായണഗുരു, കുമാരനാശാനെ കണ്ടെത്തിയത്. ഗുരുവിന്റെ ശിഷ്യനും ശ്രീനാരായണപ്രസ്ഥാനത്തിന്റെ കാര്യദർശിയുമായി മാറിയ, കവിയും സാമൂഹിക പരിഷ്ക്കർത്താവുമായിരുന്ന കുമാരനാശാനാണ് ഒരു തരത്തിൽ കേരളനവോത്ഥാനത്തിന്റെ സൂത്രധാരൻ. ഇരുപതാംനൂറ്റാണ്ടിലെ കേരളീയജീവിതമണ്ഡലങ്ങളെ ആകെ സ്വാധീനിക്കാൻ ഗുരുവിനൊപ്പം കുമാരനാശാനും കഴിഞ്ഞു. ബാംഗ്ലൂരിലും കൽക്കത്തിയിലും തർക്കവേദാന്തശാസ്ത്രാദികളിൽ ഉപരിപഠനം. എസ്.എൻ.ഡി.പി. യോഗത്തിന്റെ പ്രഥമ ജനറൽ സെക്രട്ടറിയായിരുന്നു. 1924 ജനുവരി 16 ന് പല്ലനയാറ്റിലുണ്ടായ ബോട്ടപകടത്തിൽ അന്തരിച്ചു. കുമാരനാശാന്റെ ഏറ്റവും വലിയ സംഭാവന സാഹിത്യകൃതികളാണ്. സ്തോത്രകവിതകൾ മുതൽ സർഗ്ഗവൈഭവം കൊണ്ടനുഗൃഹീതമായ അനേകം കവിതാഗ്രന്ഥങ്ങൾ. വീണപൂവിൽ പ്രപഞ്ചസത്യം ദർശിച്ച ആ കാവ്യഭാവനയിൽ നിന്ന് പ്രണയശിഖിയിൽ വെന്തെരിഞ്ഞ ആത്മാവുകളുടെ കഥകളും സ്വത്വവും കർത്തൃത്വവും ആർജ്ജിച്ച വ്യക്തികളുടെ ധീരസമരങ്ങളും മലയാളം ഉൾക്കിടിലത്തോടെ അറിഞ്ഞു. ഒരു നിമിഷവും പാഴാക്കാതെ പ്രവർത്തിച്ച ഒരു ബൗദ്ധികവ്യക്തിത്വത്തിന്റെ സമ്പൂർണ്ണാവിഷ്ക്കാരമാണ് അദ്ദേഹത്തിന്റെ രചനകൾ.

10. **പുന്നശ്ശേരി നീലകണ്ഠശർമ്മ** (1858-1934) - സാമൂഹ്യപരിഷ്ക്കർത്താവും സംസ്കൃതപണ്ഡിതനുമായിരുന്നു പുന്നശ്ശേരി നമ്പി എന്ന പേരിൽ വിഖ്യാതനായ പുന്നശ്ശേരി നിലകണ്ഠശർമ്മ. പട്ടാമ്പിയിൽ ജനിച്ചു. സംസ്കൃതത്തിൽ അഗാധപാണ്ഡിത്യം നേടി. സംസ്കൃതവിദ്യാഭ്യാസപ്രചാരത്തിനായി 1888 ൽ പട്ടാമ്പിയിൽ സ്ഥാപിച്ച പാഠശാലയാണ് ഇപ്പോഴത്തെ പട്ടാമ്പി ഗവ.സംസ്കൃത കോളേജായി മാറിയത്. ജാതിവിവേചനം ശക്തമായിരുന്ന കാലത്ത് ജാതിമതഭേദമന്യേ ഏവർക്കും വിദ്യാഭ്യാസം നൽകാൻ അവസരം ഒരുക്കി.

11. **സഹോദരൻ അയ്യപ്പൻ** (1889-1968) ശ്രീനാരായണഗുരുവിന്റെ വിമോചനആശയങ്ങളെ വിപ്ലവകരമായി നടപ്പാക്കിയ അദ്ദേഹത്തിന്റെ ഗൃഹസ്ഥശിഷ്യ◌ാരിൽ ഒരാളായിരുന്നു സഹോദരൻ അയ്യപ്പൻ. ഉന്നതവിദ്യാഭ്യാസം നേടി. നാരായണഗുരു, കുമാരനാശാൻ എന്നിവർക്കൊപ്പം സാമൂഹികനവീകരണപ്രവർത്തനങ്ങളിൽ കർമ്മനിരതനായി. ജാതിവിരുദ്ധസമരങ്ങൾ, മിശ്രഭോജനപ്രസ്ഥാനം എന്നിവ നടത്തി നവോത്ഥാന മുന്നേറ്റങ്ങളെ ബഹുജനപ്രക്ഷോഭമാക്കി. 1921-ൽ സഹോദരസംഘം സ്ഥാപിച്ചു. 1919-ൽ 'സഹോദരൻ' എന്ന പത്രം തുടങ്ങി. യുക്തിവാദി മാസികയുടെ പത്രാധിപരായിരുന്നു. എസ്.എൻ.ഡി.പി. യോഗം പ്രസിഡന്റ്, മന്ത്രി എന്നീ നിലകളിലും പ്രവർത്തിച്ചു.

12. **വി.ടി.ഭട്ടതിരിപ്പാട്** (1896-1982) - നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങൾക്കെതിരെ തീവ്രമായ പ്രക്ഷോഭം നടത്തിയ വിപ്ലവകാരിയും നവോത്ഥാനനായകനുമായിരുന്നു വെള്ളിത്തിരുത്തി താഴത്തുമനയ്ക്കൽ രാമൻഭട്ടതിരിപ്പാട് എന്ന വി.ടി.ഭട്ടതിരിപ്പാട്. ശ്രീനാരായണഗുരുവിന്റെ ആശയങ്ങളോട് ആദരവുണ്ടായിരുന്നു. മിശ്രഭോജനം, മിശ്രവിവാഹം, വിധവാവിവാഹം എന്നിവ സ്വന്തം പ്രവർത്തനത്തിലൂടെ മാതൃക സൃഷ്ടിച്ചു. ഇ.എം.എസ്. വി.ടി.യുടെ സഹപ്രവർത്തകനായിരുന്നു. നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങളെ പ്രഹസനരൂപത്തിലവതരിപ്പിച്ച അദ്ദേഹത്തിന്റെ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന നാടകം, ഏറെ പരിവർത്തനങ്ങൾക്ക് പ്രചോദനമായി.

13. Adoor Ramachandran Nair, Slavery in Kerala.P.73.

14. Slavery in Kerala.P.75.

15. കീഴാളജീവിതം പ്രമേയമാകുന്ന പത്തൊൻപതാം നൂറ്റാണ്ടിലുണ്ടായ ശ്രദ്ധേയമായ നോവലുകളാണ് ഘാതകവധം, സരസ്വതിവിജയം, സുകുമാരി എന്നിവ. പത്തൊൻപതാം നൂറ്റാണ്ടിൽ മിഷനറി പ്രവർത്തനങ്ങൾക്കായി കേരളത്തിൽ വന്ന ഇംഗ്ലീഷ് വനിതകളായ

മിസ്സിസ് കോളിൻസ് ഇവിടുത്തെ ജീവിതത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ കഥയാണ് Slayer Salin 1859 ൽ എഴുതാനാരംഭിച്ച ഈ നോവൽ പൂർത്തിയാക്കുന്നതിനും മുമ്പ് 1862 ൽ അവർ അന്തരിച്ചു. അവരുടെ ഭർത്താവായ കോളിൻസാണ് പിന്നീടത് പൂർത്തിയാക്കിയത്. അതിന്റെ മലയാള പരിഭാഷ ഘാതകവധം എന്ന പേരിൽ 1877 ൽ പ്രസിദ്ധീകരിച്ചു. 1859 ൽ മധ്യതിരുവിതാംകൂറിൽ നടന്നതായിട്ടാണ് ഈ കഥ സങ്കല്പിക്കപ്പെട്ടിരിക്കുന്നത്. പത്തൊൻപതാം നൂറ്റാണ്ടിൽ പുലയരുടെയും സുറിയാനി ക്രിസ്ത്യനികളുടെയും ഇടയിൽ മിഷനറി മതപ്രചാരണം വഴിയുണ്ടാകുന്ന മാറ്റത്തിന്റെ യഥാതഥചിത്രീകരണമാണീ നോവൽ. 1855 ൽ ഉത്രംതിരുനാൾ രാജാവിന്റെ ചരിത്രപ്രസിദ്ധമായ അടിമവിമോചന വിളംബരത്തിനു 4 വർഷങ്ങൾക്കു ശേഷം എഴുതപ്പെട്ട ഈ കൃതിയിൽ അക്കാലത്തെ പുലയരുടെ ജീവിതം ഹൃദയസ്പർശിയായി ചിത്രികരിച്ചിട്ടുണ്ട്. ദൈവത്തിന്റെ മുന്നിൽ എല്ലാവരും തുല്യരാണെന്നും കീഴാളർക്കും സ്വർഗ്ഗരാജ്യത്തിന് അവകാശമുണ്ടെന്നും മിഷനറിമാർ പ്രസംഗിച്ചപ്പോൾ ധാരാളം അധഃസ്ഥിതർ മതപരിവർത്തനത്തിനു തയ്യാറായി. മതം മാറിയ കീഴാളജാതിക്കാരെ മിഷനറിമാർ എഴുതാനും വായിക്കാനും പഠിപ്പിച്ചു. കേരളചരിത്രത്തിലെ അതിമഹത്തായ ഒരു പരിവർത്തനഘട്ടമാണിത്. ആ കാലത്തെ സംബന്ധിക്കുന്ന വിലപ്പെട്ട രേഖയാണ് മിസ്സിസ് കോളിൻസിന്റെ ഘാതകവധം.

മലബാറിൽ അധഃസ്ഥിതജനതയുടെ വിമോചനത്തിനായി പ്രവർത്തിച്ച സാമൂഹ്യപരിഷ്കർത്താവായിരുന്നു പോത്തേരി കുഞ്ഞമ്പു. വക്കീലായിരുന്ന അദ്ദേഹം തന്റെ സമ്പത്ത് ദളിതരുടെയും താഴ്ന്ന ജാതിക്കാരുടെയും വിദ്യാഭ്യാസിനായി ചെലവഴിച്ചു. പുലയജാതിക്കാർക്കു വിദ്യാഭ്യാസം നൽകുന്നതിനായി സ്കൂൾ സ്ഥാപിച്ചു. 1892 ൽ അദ്ദേഹം രചിച്ച നോവലാണ് സരസ്വതീവിജയം. ജാതീയമായ അടിച്ചമർത്തലിനെതിരായ നോവലാണിത്. ദളിത് യുവാവ് നമ്പൂതിതി ജ◌ിയുടെ ക്രൂരപീഡനങ്ങളിൽ നിന്ന് രക്ഷതേടി നാടുവിടുകയും ക്രിസ്തുമതം സ്വീകരിച്ച് ആധുനിക വിദ്യാഭ്യാസം നേടി ജഡ്ജിയായിത്തീരുന്നതുമാണ് കഥ. വിദ്യാഭ്യാസത്തിലൂടെ കീഴാളജനതയുടെ വിമോചനാത്മകതയെ ആവിഷ്കരിക്കുന്ന നോവലാണ്, മദ്രാസ് ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായിരുന്ന ജോസഫ് മൂളിയിൽ, 1897 ൽ രചിച്ച സുകുമാരി എന്ന നോവൽ.

16.A.T.Kovur. Selected Works.P.197.

17. N.K.Jose, Kerala sambavasabha.blogspot.com.

18. M.Kunjamman, Ethiru, P.100.

19. T.H.P.Chentharasseri, Poyikayil Appachan, P.21.

20. Thekkumbhagom Mohan, Adimagarganamgal, P.52.

21. Sunny.M.Kappikkad, Janathayum Janathipathyavum.P.

22. T.H.P.Chentharasseri, P.44.

23. T.H.P.Chentharasseri, P.32.

24. M.Kunjamman, Ethiru, P.133.

25. Dr.Ajaysekhar, P.67.

26. Dr.Ajaysekhar, P.72.

27. Sunny.M.Kappikkad,P.254.

28. Dr.Sanal Mohan, P.71.

29. E.V.Swami, E.V.Anil, Songs of Poyikayil Appachan, P.18.

## References

Chandrika, C.S., (2012) The Oxford India Anthology of Malayalam Dalit Writing, Oxford University Press, New Delhi.

Chentharasseri, T.H.P., (2009) Ayyankali, Prabhat Book House, Trivandrum.

Chentharasseri, T.H.P., (2017), Poyikayil Appachan, Mythri Books, Thiruvanathapuram.

Kapikkad, S.M., (2017) Janathayum Janathipathyavum, Vidyarthi Publications, Kozhikode 2017.

Kovoor, A.T., (1989), Selected works, Indian Athiest Publishers, New Delhi.

Leninm K.M., (2018), Poyikayil Appachan, Keezhalarude Vimochakan, National Book Stall, Kottayam.

Manoj, M.B., (Editor), (2013), Akhyanam, Sannithyam, Soundaryam, Vidyarthi Publications, Kozhikode.

Rajesh Chirappad, (2018), Poyikayil Appachan, Chintha Publishers, Thiruvanathapuram.

Santhosh, O.K., (2011), Poyikayil Sreekumara Guru, Kerala Bhasha Institute, Thiruvanathapuram.

Swamy, V.V., and Anil, E.V., (Edited), (2008), Songs of Poyikayil Appachan, Translated by Ajaysekhar, IPRDSS, Kottayam.

Thekkumbhagom Mohan, (2010), Adimagarganamgal, National book stall, Kottayam.

Vasanthan, S.K., (1989), A Dictionary of Kerala History, National Book stall, Kottayam.

## Funding

No funding was received for conducting this study.

## Does this article screened for similarity?

Yes

## Conflict of interest

The Author has no conflicts of interest to declare that they are relevant to the content of this article.

## About the License

© The author 2021. The text of this article is open access and licensed under a Creative Commons Attribution 4.0 International License

## Cite this Article

R. Chandrabose, Poykayil Appachan's interventions for Dalit Liberation in Kerala, Indian Journal of Multilingual Research and Development, Vol 3, Iss 1 (2022) 8-30. DOI: https://doi.org/10.54392/ijmrd2212